കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
REG. No. E.R. 649/91

KCBC BIBLE COMMISSION
THE WAY THE TRUTH THE LIFE

# ലോഗോസ്


**Kerala Catholic Bible Society**

Pastoral Orientation Centre
P.B. No. 2251, Palarivattom, Cochin - 682 025

Bulletin, July 2023 Vol. 32•No.1




# മുഖമൊഴി

നവീകരണ വർഷങ്ങളിലൂടെ കടന്നുപോകുകയാണ് കേരളസഭ മുഴുവനും. ദൈവവചനത്തിൽ രൂപമെടുത്തതാണ് സഭ (അപ്പ 2,41). ദൈവവചനമാകുന്ന യേശുക്രിസ്തുവിനെ അറിയുകയും പ്രഘോഷിക്കുകയുമാണ് നവീകരണത്തിന്റെ അടിസ്ഥാനം. ദൈവവചനപഠനവും പ്രഘോഷണവും ക്രിസ്തീയ ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നുവെന്ന് ഫ്രാൻസീസ് മാർപാപ്പ 'അപെരെയിത് ഇല്ലിസ്' എന്ന അപ്പസ്തോലിക ലേഖനത്തിൽ എടുത്തു പറയുന്നു (ഖ. 3) ആയതിനാൽ ദൈവവചനത്തിന്റെ പ്രചാരണവും പ്രഘോഷണവും എന്നത്തേയും പോലെ ഈ കാലഘട്ടത്തിന്റെയും അനിവാര്യതയാണ്.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി കേരളസഭയോടു ചേർന്ന് ഈ ദൗത്യം ഏറ്റെടുക്കുകയും, വിവിധങ്ങളായ ശുശ്രൂഷകളിലൂടെ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. പതിനയ്യായിരത്തിൽപരം ആളുകൾ ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളായി ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം" (റോമാ 10,15) എന്ന പൗലോശ്ലീഹായുടെ കൃപയുടെ ആശംസ എല്ലാ സൊസൈറ്റി അംഗങ്ങൾക്കും പ്രചോദനമാകട്ടെ. ഓരോവർഷവും ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് അഞ്ചുലക്ഷത്തിൽപരം മത്സരാർത്ഥികൾ ഒരുമിച്ച് അണിചേരുന്ന അനുഭവം ലോകത്തിൽ തന്നെ വേറിട്ടു നിൽക്കുന്ന ഒരു സുവിശേഷപ്രചാരക ദൗത്യമായി ബൈബിൾ സൊസൈറ്റി നെഞ്ചിലേറ്റുന്നു. ലോഗോസിന്റെ രജതജൂബിലി ക്വിസ് 2025-ൽ നടത്തപ്പെടുമ്പോൾ അതൊരു ചരിത്രസംഭവമാക്കി മാറ്റാൻ നേരത്തേക്കൂട്ടിയുള്ള ഒരുക്കം ആവശ്യമാണ്. ദൈവവചനത്തിന്റെ പ്രചാരണ പ്രഘോഷണത്തെ ഊർജസ്വലമാക്കാനുള്ള സത്വര ശ്രമങ്ങളിൽ ബിഷപ്പ് ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളായ നിങ്ങളുടെ സഹകരണവും ശുശ്രൂഷയും എന്നും പ്രോത്സാഹനജനകമാണ്. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ശക്തിയായി കൂടെ നിൽക്കുന്ന മാനേജിംഗ് കൗൺസിൽ, എക്സിക്യുട്ടിവ് അംഗങ്ങൾ, കമ്മീഷൻ ഓഫീസിലെ സഹപ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

സഭാനവീകരണവർഷങ്ങളിൽ വചനത്തിന്റെ സ്പന്ദനങ്ങളെ സജീവമാക്കാൻ നമുക്കൊരുമയോടെ ഊർജസ്വലരാകാം!

സസ്നേഹം,
**ഡോ. ജോജു കോക്കാട്ട്**
സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 32–ാം വാർഷിക പൊതുയോഗം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 32–ാമത് വാർഷിക പൊതുയോഗം 2023 ജൂലൈ 29–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ്2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

**പ്രാർഥന**

**സ്വാഗതം** – **ശ്രീ. ആന്റണി പാലിമറ്റം**
**(വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)**

**അനുസ്മരണ പ്രാർഥനാശുശ്രൂഷ**

**അധ്യക്ഷപ്രസംഗം** – **റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
**(ചെയർമാൻ, കെ.സി.ബി.എസ്.)**

**ആശംസ** – **റവ. ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി**
**(ഡയറക്ടർ, പി.ഒ.സി.)**

**റിപ്പോർട്ടുകൾ** – **റവ. ഡോ. ജോജു കോക്കാട്ട്**
**(സെക്രട്ടറി, കെ.സി.ബി.എസ്)**

**വാർഷിക കണക്കുകൾ** – **റവ. സി. ഇസബെല്ല ഐഡ CTC**
**(ട്രഷറർ, കെ.സി.ബി.എസ്)**

**ചർച്ചകൾ**

**നന്ദി** – **ശ്രീ. ജോസഫ് പന്തപ്ലാക്കൽ**
**(ജോ. സെക്രട്ടറി, കെ.സി.ബി.എസ്.)**

**ശ്രീ. ആന്റണി പാലിമറ്റം**
വൈസ് ചെയർമാൻ

**ഡോ. ജോജു കോക്കാട്ട്**
സെക്രട്ടറി

**സി. ഇസബെല്ല ഐഡ CTC**
ട്രഷറർ

**ശ്രീ. ജോസഫ് പന്തപ്ലാക്കൽ**
ജോ.സെക്രട്ടറി

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർഥന

*വചനത്താൽ സർവവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽനിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽനിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്നനിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, ആമേൻ.*

# കെ.സി.ബി.സി.
# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരളസഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കൊസ്താ മുതൽ 2025 പെന്തക്കൊസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണമാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചു ചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ- ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (കാ. എഫേ 2,4-8; അപ്പ 2,37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യംവഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8-10).

**2. ക്രിസ്തുവിൽ**

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis)പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ 1,23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ട് കഴുകി, വചനത്താൽ വെൺമയുള്ളതാക്കി മഹത്വപൂർണയായി അവളെ തനിക്കു തന്നെ പ്രതിഷ്ഠിച്ചു (കാ. എഫേ 5,27-29); അവളെ തന്റെ ശരീരവും നിർമലവധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

**3. സഭയാകുന്ന ഭവനം**

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഏകശരീരമായി മാറുന്നു (എഫേ 4,3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3,16; 2 കോറി 6,16; എഫേ 2,21).

സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയഭവനം പണിതുയർത്ത പ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെയാണ് (1 പത്രോ 2,4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

4. **പണിയപ്പെട്ടുകൊണ്ടിരിക്കുന്നു**

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനി വാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവി ശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാ ണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (കാ.1 കോറി 15,21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും  കർമം കൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയുടെ അടിസ്ഥാനകർത്തവ്യനിർവഹ ണമായ സുവിശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റു കൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമപഠനബൈബിൾ പുറത്തിറക്കാൻകഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതല ത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരു ന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകായിരങ്ങൾക്ക് ആഴത്തിൽ അറി വുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്ത കങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യ മങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ള വർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവി ശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധഗ്രന്ഥം സംലഭ്യമാക്കാ നുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തു കൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരി ക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ

ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തിയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2022–2023 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 32 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 31–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2022–2023 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (13 ഓഗസ്റ്റ് 2022) അഞ്ച് എക്സിക്യൂട്ടിവ് കമ്മിറ്റി യോഗങ്ങളും (5 ഓഗസ്റ്റ് 2022; 26 ഓഗസ്റ്റ് 2022; 18 ഒക്ടോബർ 2022; 10 നവംബർ 2022; 31 ജനുവരി 2023) അഞ്ച് മാനേജിംഗ് കൗൺസിൽ യോഗങ്ങളും (5 ഓഗസ്റ്റ് 2022; 26 ഓഗസ്റ്റ് 2022; 18 ഒക്ടോബർ 2022; 31 ജനുവരി 2023) ചേർന്നു.

## 1. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 05.08.2022

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് യോഗം 2022 ഓഗസ്റ്റ് 5 ഉച്ചകഴിഞ്ഞ് 1.45ന് പി.ഒ.സിയിൽവച്ച് കൂടുകയുണ്ടായി. പ്രൊഫ. ആലീസുകുട്ടിയുടെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. സെക്രട്ടറി ഫാ. ജോജു കോക്കാട്ട് സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിനും ടേം പൂർത്തിയാക്കുന്ന എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ മുൻ റിപ്പോർട്ട് വായിക്കുകയും യോഗമത് പാസാക്കുകയും ചെയ്തു. 96000/– രൂപയ്ക്ക് ബൈബിൾ സൊസൈറ്റിയുടെ വാഹനം തൊടുപുഴയിൽ വില്പന നടത്തിയെന്ന് സെക്രട്ടറിയച്ചൻ മീറ്റിംഗിൽ അറിയിച്ചു. ഒപ്പംതന്നെ സൗകര്യപ്രദമായ പുതിയ വാഹനം നോക്കികൊണ്ടിരിക്കുന്നുവെന്നും സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു. ഇന്റേണൽ ഓഡിറ്റേഴ്സിന്റെ റിപ്പോർട്ടും ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ടും എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യുകയും എല്ലാവരുടെയും അഭിപ്രായങ്ങൾ സെക്രട്ടറിയച്ചൻ ആരായുകയും ചെയ്തു. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം DHFL ൽ നിക്ഷേപിച്ചിരിക്കുന്ന ഇനിയും കിട്ടാനുള്ള തുക Write off ചെയ്യുന്നതിനെപ്പറ്റിയുള്ള ഓഡിറ്ററുടെ നിർദേശം എല്ലാ അംഗങ്ങളും ചർച്ച ചെയ്തു.

മൂലധനത്തോടൊപ്പം പലിശയും ലഭിക്കേണ്ടത് നമ്മുടെ അവകാശമാണെന്നും, ആയതിനാൽ വാർഷികപൊതുയോഗത്തിലെ അംഗങ്ങളുടെ അഭിപ്രായംകൂടി കണക്കിലെടുക്കാമെന്നും വേണമെങ്കിൽ തുക ലഭിക്കുന്നതിനുവേണ്ടി വക്കീലിനെവച്ച് കേസിന് പോകാമെന്നും ശ്രീ. സച്ചിൻ ആന്റണി അഭിപ്രായപ്പെട്ടു.

പൊതുയോഗത്തിന്റെ അഭിപ്രായം ആരായാമെന്നും വിദഗ്ദ അഭിപ്രായം ചോദിച്ചറിയാമെന്നും യോഗം തീരുമാനിച്ചു. അതിനുശേഷം Write off നെക്കുറിച്ച് തീരുമാനിക്കാമെന്നും വേണ്ട നടപടികൾ കൈകൊള്ളാം എന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ടേം പൂർത്തിയാക്കുന്ന കമ്മിറ്റിയംഗങ്ങൾക്ക് മെമന്റോ കൊടുക്കുന്നതിനെപ്പറ്റി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ പറയുകയുണ്ടായി.

അതിനായി അംഗങ്ങളുടെ ഫോട്ടോ കൊണ്ടുവരാൻ ആവശ്യപ്പെട്ടിരുന്നുവെന്നും

മെമന്റോയുടെകൂടെ അബ്രഹാം മാർ ജൂലിയോസ് പിതാവിന്റെ ബൈബിൾ പ്രതീക ങ്ങൾ എന്ന പുസ്തകവും ഓരോ ഇംഗ്ലീഷ് ബൈബിളും നല്കുന്നുണ്ടെന്നും സെക്ര ട്ടറിയച്ചൻ സൂചിപ്പിച്ചു. വാർഷിക പൊതുയോഗത്തിന് വരുന്ന അംഗങ്ങൾക്ക് ഹെൻട്രി പട്ടരുമഠത്തിൽ അച്ചന്റെ പുസ്തകം സമ്മാനമായി നല്കുന്നതാണ് എന്ന് സെക്രട്ടറി യച്ചൻ കൂട്ടിച്ചേർത്തു.

വാർഷികപൊതുയോഗത്തിന്റെ വാർത്ത ന്യൂസ് പേപ്പറിൽ കൊടുക്കണമെന്ന് ശ്രീ. ജിസ്മോൻ ഓർമിപ്പിച്ചു. റിപ്പോർട്ട് അടങ്ങിയ ലോഗോസ് ബുള്ളറ്റിൻ എല്ലാ വർക്കും ലഭിച്ചിട്ടുള്ളതിനാൽ പൊതുയോഗത്തിന് വീണ്ടും റിപ്പോർട്ട് അടിച്ചു നല്കേ ണ്ടെന്നും കണക്കുകൾ പ്രിന്റ് ചെയ്ത് നല്കാമെന്നും യോഗം തീരുമാനിച്ചു.

ലോഗോസ് രജിസ്ട്രേഷൻ 4ലക്ഷം കഴിഞ്ഞുവെന്നും കൊറോണ കഴിഞ്ഞ പശ്ചാ ത്തലത്തിൽ ഇത് നല്ലൊരു സംഖ്യയാണെന്നും, ചോദ്യപേപ്പറുകൾ എല്ലാം തയ്യാറാ യിക്കൊണ്ടിരിക്കുന്നെന്നും സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. വർഷങ്ങളായി ബൈബിൾ സൊസൈറ്റിയുടെ ഓഡിറ്റർ ആയി നിയമിതനായിരുന്ന പി.സി. വർഗീസ് സർ ജോലി യിൽനിന്ന് പിന്മാറുന്ന വിവരം അറിയിച്ചതനുസരിച്ച് മാനേജിംഗ് കൗൺസിലിലും വാർഷികപൊതുയോഗത്തിലും അവതരിപ്പിക്കാം എന്ന് എക്സിക്യൂട്ടിവ് മീറ്റിംഗിൽ തീരുമാനമായി. എക്സിക്യൂട്ടിവ് അംഗങ്ങളുടെ നിർദേശപ്രകാരം വൺ ഡേ ഔട്ടിംഗിനെ പ്പറ്റി ചിന്തിക്കുകയും സാധ്യമായ ദിനത്തിൽ നടത്തുവാനും യോഗം തീരുമാനിച്ചു.

ചർച്ചയ്ക്കുശേഷം വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ എല്ലാ വർക്കും നന്ദിയർപ്പിച്ചു.

**2. മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 05.8.2022**

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2022 ഓഗസ്റ്റ് 5 ഉച്ചകഴിഞ്ഞ് 2.15ന് പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. പ്രൊഫ. ആലീസുകുട്ടിയുടെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. കാലാവധി പൂർത്തിയാക്കുന്ന എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങ ളുടെ ത്യാഗവും സമർപ്പണമനോഭാവവും പ്രത്യേകം ആദരിക്കേണ്ടതാണെന്ന് സ്വാഗ തപ്രസംഗത്തിൽ സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാ പറമ്പിൽ പിതാവിനും എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്കും സെക്രട്ടറിയച്ചൻ സ്വാഗതമാശംസിച്ചു.

തുടർന്ന് അധ്യക്ഷപ്രസംഗമായിരുന്നു. അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന് യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നതിനാൽ ഓൺലൈൻ ആയി സന്ദേശം നല്കുകയുണ്ടായി. സഭാ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടവരാണ് നാം എന്നും അതിനുള്ള പ്രതിഫലം കർത്താവ് നമുക്ക് നല്കുമെന്നും പിതാവ് പറയുക യുണ്ടായി. ബൈബിൾ ശുശ്രൂഷയിൽ മുന്നേ കടന്നുപോയ തലമുറ വളരെ ജാഗ്രത പുലർത്തിയിരുന്നെന്നും നല്ലൊരു അടിത്തറ നല്കിയെന്നും പിതാവ് സൂചിപ്പിച്ചു. കർത്താവിന്റെ നാമത്തിൽ ആശംസകൾ നേർന്നുകൊണ്ട് അഭിവന്ദ്യ പിതാവ് ഉപസംഹ രിച്ചു.

ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ റിപ്പോർട്ട് വായിക്കു കയും യോഗം പാസാക്കുകയും ചെയ്തു.

ഇന്റേണൽ ഓഡിറ്റിംഗ് സമയബന്ധിതമായി ചെയ്തുതന്ന ശ്രീ. ജോസഫ് കൊറ്റി യാത്തിനും ശ്രീമതി മോളി തോമസിനും സെക്രട്ടറിയച്ചൻ നന്ദി പറഞ്ഞു. ഇന്റേണൽ ഓഡിറ്റിംഗ് റിപ്പോർട്ടും സൊസൈറ്റിയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടും എല്ലാവർക്കും വിതരണം ചെയ്യുകയും അത് വായിച്ചുനോക്കി അഭിപ്രായങ്ങൾ പറയുവാനും സെക്ര ട്ടറിയച്ചൻ പറഞ്ഞു.

ഓഡിറ്റർ നല്കിയ റിപ്പോർട്ട് പ്രകാരം DHFLൽ നിന്നും ഇനി ലഭിക്കാനുള്ള തുകയായ 89,28,308 രൂപ എഴുതി തള്ളുക എന്ന നിർദേശമാണ് നല്കിയിരുന്നത്.

എക്സിക്യൂട്ടിവ് മീറ്റിംഗിൽ വന്ന തീരുമാനപ്രകാരം വിദഗ്ധരായവരെ സമീപിച്ച് നമുക്ക് അനുകൂലമായി കാര്യങ്ങൾ വരുമോ എന്ന് ചോദിച്ചറിയാനും പൊതുയോഗത്തിന്റെ തീരുമാനത്തിന് വിടുവാനും യോഗം തീരുമാനമെടുത്തു.

ബാലൻസ്ഷീറ്റിലെ തുകയിൽ വന്ന തെറ്റുകൾ മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. പി.കെ. ജോസഫ് ചൂണ്ടിക്കാണിച്ചു. സ്ഥിരനിക്ഷേപത്തിന്റെ വലിയൊരു ശതമാനം സൗത്ത് ഇന്ത്യൻ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് അഭികാമ്യമല്ല എന്ന് ശ്രീ. തോമസ് പോൾ അഭിപ്രായപ്പെട്ടു. എന്നാൽ അംഗീകൃത ബാങ്കായതിനാൽ അതിന് പകരമായി ആരും വേറെ ബാങ്ക് നിർദേശിച്ചില്ല.

DHFLൽ നിന്നും കിട്ടാനുള്ള തുക Write off ചെയ്യാതെ Receivable എന്ന Headൽ കാണിക്കണം അല്ലെങ്കിൽ അടുത്ത ബലൻസ്ഷീറ്റിൽ അത് വരാതെ പോകും എന്ന് ശ്രീ. തോമസ് പോൾ അഭിപ്രായപ്പെട്ടു. ആഗസ്റ്റ് മാസം 13-ാംതിയതി സൊസൈറ്റിയുടെ വാർഷിക സമ്മേളനമാണെന്നും അന്നേ ദിവസം തിരഞ്ഞെടുപ്പ് ഉണ്ടാകുമെന്നും സെക്രട്ടറി അച്ചൻ ഓർമിപ്പിച്ചു. കാലാവധി പൂർത്തിയാക്കുന്ന മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് മെമന്റോയും ഇംഗ്ലീഷ് ബൈബിളും വാർഷിക പൊതുയോഗത്തിന് വരുന്ന അംഗങ്ങൾക്ക് ഹെൻട്രി പട്ടരുമഠത്തിൽ അച്ചന്റെ പുസ്തകവും സമ്മാനമായി നല്കും എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം എന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

വാർഷിക പൊതുയോഗത്തിൽ സാധാരണ വിതരണം ചെയ്യാറുള്ള റിപ്പോർട്ട് ബുക്കിന്റെ കോപ്പി അംഗങ്ങൾക്ക് അയച്ചിട്ടുള്ള ബുള്ളറ്റിനിൽ ഉള്ളതിനാൽ കണക്ക് മാത്രം പ്രിന്റ് ചെയ്താൽ മതിയെന്നും മീറ്റിംഗിൽ തീരുമാനമായി.

സൊസൈറ്റി അംഗങ്ങൾക്ക് അയക്കുന്ന ബുള്ളറ്റിന്റെ ഭൂരിഭാഗവും തിരിച്ചുവരുന്ന സാഹചര്യത്തിൽ അക്കാര്യം വാർഷികപൊതുയോഗത്തിൽ അറിയിക്കാം എന്ന് തീരുമാനമായി. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ 4 ലക്ഷത്തിന് മുകളിലായിട്ടുണ്ടെന്നും ഫോമുകൾ ഓഫീസിൽ 16-ാം തിയതി എത്തിക്കണമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. ചോദ്യപേപ്പറുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്ന് അച്ചൻ കൂട്ടിച്ചേർത്തു. മൂന്ന് മേഖലകളിലായി നടത്തുന്ന സെമിഫൈനലിലേക്ക് എല്ലാവരുടേയും സഹായസഹകരണം ഉണ്ടാകണമെന്ന് അച്ചൻ ഓർമിപ്പിച്ചു.

നിലവിലുള്ള സൊസൈറ്റി ഓഡിറ്റർക്ക് ഇനി തുടരാൻ താല്പര്യമില്ല എന്ന് അറിയിച്ചിട്ടുള്ളതിനാൽ ആ വിവരം വാർഷികപൊതുയോഗത്തിൽ അവതരിപ്പിക്കാം എന്ന് തീരുമാനിച്ചു.

സൊസൈറ്റി ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനം 96000/- രൂപയ്ക്ക് തൊടുപുഴയിൽ വില്പന നടത്തി. സൗകര്യപ്രദമായ പുതിയ വാഹനം വാങ്ങുന്നതിനെപ്പറ്റിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുവെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. സൊസൈറ്റിയുടെ നിക്ഷേപം ബാങ്കിൽ മാത്രം നിലനിർത്താതെ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചുകൂടേ എന്ന നിർദേശം പ്രൊഫ. ആലീസുകുട്ടി ഉന്നയിച്ചു. പരമ്പരാഗതമായ രീതിയിൽനിന്ന് മാറി ചിന്തിക്കണമെന്ന് ശ്രീ. സച്ചിൻ ആന്റണി അഭിപ്രായപ്പെട്ടു. നമ്മുടെ നിക്ഷേപം വർധിക്കുന്നതോടൊപ്പം പ്രവർത്തനങ്ങളും കൂടുന്നുണ്ടെന്നും ഒപ്പം ഓരോ പ്രവർത്തനങ്ങൾക്കും ചിലവിനേക്കാൾ ചിലവ് ചുരുക്കലിനാണ് പ്രാധാന്യം നല്കേണ്ടതെന്നും നമ്മുടെ നിക്ഷേപസംഖ്യ ഒരു "Corpus Fund" ആണെന്നും സെക്രട്ടറി അച്ചൻ ഓർമപ്പെടുത്തി. കൊറോണയുടെ കാലഘട്ടമായതിനാൽ ഈ മാനേജിംഗ് കൗൺസിലിന് കാര്യമായൊന്നും ചെയ്യാൻ സാഹചര്യം ലഭിച്ചില്ല ആയതിനാൽ ഈ കൗൺസിലിന് ഒരു ടേം കൂടി അനുവദിച്ചാൽ നല്ലതായിരുന്നു എന്ന നിർദേശം ശ്രീ. പി.കെ ജോസഫ് പങ്കുവച്ചു. ഓർഡിനറി ബൈബിളിനു നല്കുന്ന സബ്സിഡി റേറ്റ് വ്യക്തിഗത മെമ്പർഷിപ്പുള്ളവർക്ക് സൊസൈറ്റി നല്കുന്ന മറ്റു ബൈബിളുകളിൽ ലഭ്യമാക്കാൻ കൗൺസിലിൽ തീരുമാനമായി.

ചർച്ചയ്ക്കുശേഷം വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ അധ്യക്ഷപദം അലങ്കരിച്ച അഭിവന്ദ്യ ജെയിംസ് പിതാവിനും മറ്റെല്ലാ അംഗങ്ങൾക്കും നന്ദി പറഞ്ഞു. നല്ലൊരു ഭരണസമിതിയെ കണ്ടെത്താൻ എല്ലാവരും സഹകരിക്കണം എന്ന് പറഞ്ഞുകൊണ്ട് കൃതജ്ഞത അവസാനിപ്പിച്ചു. ഇംഗ്ലീഷ് ബൈബിളും എബ്രഹാം മാർ ജൂലിയോസ് പിതാവിന്റെ ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകവും മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് സമ്മാനമായി സെക്രട്ടറിയച്ചൻ നല്കി. വൈസ്ചെയർമാൻ ശ്രീ. ജിസ്മോന്റെ നേതൃത്വത്തിലുള്ള കൗൺസിലിന് നന്ദിയർപ്പിച്ചുകൊണ്ട് സെക്രട്ടറിയച്ചന്റെ ആശിർവാദത്തോടെ മീറ്റിംഗ് 4.00 ന് അവസാനിച്ചു.

## 3. 31-ാ മത് വാർഷികപൊതുയോഗം (13.08.2022)

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 31-ാമത് വാർഷികപൊതുയോഗം ഓഗസ്റ്റ് 13ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് പി.ഒ.സി.യിൽവച്ച് കൂടുകയുണ്ടായി. മീറ്റിംഗ് ആരംഭിക്കുന്നതിനുമുമ്പായി എല്ലാ അംഗങ്ങളും ദേശീയപതാക ഉയർത്തൽ ചടങ്ങിൽ സംബന്ധിച്ചു. സി. നീതു സി.റ്റി.സി. പ്രാർഥനാഗീതം ആലപിച്ചു. തുടർന്ന് ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവ് ആമുഖപ്രഭാഷണം നടത്തി. വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിനും എല്ലാ ഭാരവാഹികൾക്കും സൊസൈറ്റി അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. തുടർന്ന് അനുസ്മരണ പ്രാർഥനാ ശുശ്രൂഷയ്ക്ക് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നേതൃത്വം നല്കി. സെക്രട്ടറി ഫാ.ജോജു കോക്കാട്ട് കഴിഞ്ഞ വർഷത്തെ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും വായിച്ചു. തുടർന്ന് റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച നടന്നു. കഴിഞ്ഞ വാർഷികയോഗത്തിൽ പങ്കെടുക്കാതിരുന്ന ഒരു വ്യക്തിയുടെ പേരിൽ ഒരു നിർദേശം റിപ്പോർട്ടിൽ എഴുതിചേർത്തിട്ടുണ്ടെന്നും ഓഡിറ്ററെ മാറ്റുന്ന കാര്യം റിപ്പോർട്ടിൽ വന്നിട്ടില്ലാ എന്നും അഭിപ്രായപ്പെട്ടു. എന്നാൽ നിയുക്ത വ്യക്തി ആ യോഗത്തിൽ പങ്കെടുത്തതാണെന്നും അപ്രകാരം നിർദേശിച്ചുവെന്നും യോഗം വിലയിരുത്തി. ഓഡിറ്ററിന്റെ രാജി സന്നദ്ധത റിപ്പോർട്ടിൽ ചേർക്കാമെന്നും ഓഡിറ്റർ വിഷയം മാനേജിംഗ് കൗൺസിലിന്റെ അധികാരത്തിൽ വിടുന്നതിന് ജനറൽ ബോഡി അധികാരം നൽകിയോ എന്ന് പരിശോധിക്കാമെന്നും പിതാവ് അറിയിച്ചു. ഓഡിറ്ററുടെ രാജി സന്നദ്ധത റിപ്പോർട്ടിൽ ചേർത്തുകൊണ്ട് റിപ്പോർട്ട് പാസാക്കി.

തുടർന്ന് വാർഷിക കണക്ക് സി. ആഗ്നസ് ജോർജ്ജ് അവതരിപ്പിച്ചു. സെക്രട്ടറിയച്ചൻ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും സി.എ. ഓഡിറ്റ് റിപ്പോർട്ട് വായിക്കുകയും, റിപ്പോർട്ട് തയ്യാറാക്കാൻ ത്യാഗത്തോടെ ശ്രമിച്ചവരെ നന്ദിയോടെ ഓർക്കുകയും ചെയ്തു.

കണക്കുകൾ പാസാക്കുന്നതിനുമുമ്പ് ചർച്ചകൾ നടന്നു. ഈ പ്രസ്ഥാനത്തിന്റെ നിയമസംഹിതകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണമെന്നും 14 ദിവസത്തിനു മുമ്പ് നോട്ടീസും കണക്കും അയച്ചുതരണമെന്നും അഭിപ്രായപ്പെട്ടു. ഡി.എച്ച്.എഫ്. എൽ ഫിനാൻസ് കമ്പനിയുടെ പ്രവർത്തനക്ഷമത മോശമായിരുന്നിട്ടും ഒരു കാരണവശാലും തുക നഷ്ടമാകില്ലയെന്ന് ഓഡിറ്റർ ഉറപ്പ് നൽകിയെങ്കിലും 89 ലക്ഷം നഷ്ടമായെന്നും അഭിപ്രായം ഉയർന്നു. ഈ കാലയളവിൽത്തന്നെ എഫ്.ഡി. പുതുക്കിയെന്നുള്ളത് ഖേദകരമാണെന്നും അറിയിച്ചു. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണം ആവശ്യമാണെന്ന നിർദേശം മുന്നോട്ടുവച്ചു. ഓഡിറ്റ് റിപ്പോർട്ടിൽ വരവ് ചെലവ് കണക്ക് പ്രകാരം നഷ്ടം പ്രൊവിഷനായി 89 ലക്ഷം പറഞ്ഞിരിക്കുന്നത് അപകടസൂചനയുള്ളതായി നിർദേശം വന്നു. നഷ്ടമായ തുകയുടെ വ്യക്തത ഓഡിറ്റർ നൽകേണ്ടതായിരുന്നുവെന്നും അദ്ദേഹത്തിന്റെ അസാന്നിധ്യം ഖേദകരമാണെന്നും അദ്ദേഹത്തിന് പകരക്കാരനായി ആരെയെങ്കിലും അയക്കേണ്ടതായിരുന്നു എന്നും അഭിപ്രായമുണ്ടായി.

ഈ അഭിപ്രായങ്ങൾക്ക് ഉത്തരമായി സെക്രട്ടറിയച്ചനും അഭിവന്ദ്യ പിതാവും

സംസാരിച്ചു. ആകെ ഡി.എച്ച്.എഫ്.എൽ നിക്ഷേപമുണ്ടായിരുന്നത് ഒരു കോടി ഇരുപത് ലക്ഷത്തോളമായിരുന്നെന്നും 2020 ൽ ആർ.ബി.ഐ. റൂളിങ്ങ് അനുസരിച്ച് ഇൻസോൾവെൻസി പ്രഖ്യാപിച്ചതനുസരിച്ച് മുപ്പത് ലക്ഷം തിരികെ ലഭിച്ചെന്നും 2020 വരെയുള്ള കാലയളവിൽ ഏകദേശം പലിശയിനത്തിൽ 80ലക്ഷം രൂപവരെ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ മൂലധനത്തിൽ നിന്നും ഏകദേശം ആറ് ലക്ഷത്തോളമാണ് കുറവ് എന്നും ആർ.ബി.ഐ. റൂളിംഗ് കഴിഞ്ഞതിനാൽ വേറെയൊന്നും പ്രതീക്ഷയ്ക്ക് വകയില്ലെന്നുമുള്ള അറിയിപ്പാണ് ലഭിച്ചിട്ടുള്ളതെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. ഓഡിറ്റർ ഒഴിച്ചുകൂടാൻ പറ്റാത്ത പ്രോഗ്രാം ഉള്ളതുകൊണ്ട് അസാന്നിധ്യം അറിയിച്ചിരുന്നുവെന്നും ഏതെങ്കിലും തരത്തിലുള്ള വിശദീകരണം ആവശ്യമെങ്കിൽ ഫോണിലൂടെ നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

തുടർന്ന് 14 ദിവസത്തിനുമുമ്പ് ലോഗോസ് ബുള്ളറ്റിനോടൊപ്പം കണക്കുകൾ പ്രിന്റ് ചെയ്ത് കൊടുക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. നിയമാവലിയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം നൽകുന്നത് നിയമവിരുദ്ധമാണെന്നുമുള്ള ചർച്ചകൾ വന്നു. മുൻ വർഷങ്ങളിൽ വാർഷിക പൊതുയോഗത്തിനുമുമ്പ് നൽകാറില്ലായിരുന്നുവെന്ന് യോഗം വിലയിരുത്തി. നിയമാവലിയിൽ 14 ദിവസത്തിനുമുമ്പ് നൽകണമെന്ന നിർദേശമില്ലായെന്ന് യോഗം വിലയിരുത്തി. അതുപോലെ തന്നെ കണക്കുകൾ ശരിയാക്കി പ്രിന്റ് ചെയ്ത് തപാൽ വഴി അയക്കുന്നത് ശ്രമകരമായ പ്രവൃത്തി ആയതിനാൽ പ്രായോഗികമല്ലെന്നും മുൻ സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. ഭൂരിപക്ഷഅഭിപ്രായത്തിൽ കണക്കുകൾ വാർഷിക പൊതുയോഗ ദിനത്തിൽ നൽകിയാൽ മതിയെന്നും ലോഗോസ് ബുള്ളറ്റിനിൽ പ്രിന്റ് ചെയ്യേണ്ടതില്ലെന്നും തീരുമാനിച്ചു. 115 പേർ പങ്കെടുത്ത യോഗത്തിൽ 15 പേരാണ് കണക്കുകൾ ബുള്ളറ്റിനോടൊപ്പം നൽകണമെന്ന താത്പര്യം ഉന്നയിച്ചത്.

ഡി.എച്ച്.എഫ്.എൽ ന്റെ 89 ലക്ഷത്തിനെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ വിശദീകരണത്തിലൂടെ വളരെ കൃത്യത വന്നു എന്ന് യോഗം അഭിപ്രായപ്പെട്ടു. രണ്ട് കോടിയിലധികം നിക്ഷേപം ഡി.എച്ച്.എഫ്.എൽ ഉണ്ടായിരുന്നുവെന്നും പിൻവലിച്ച് 1 കോടി 19 ലക്ഷം വരെയായ അവസ്ഥയിലാണ് കമ്പനി സാമ്പത്തികമായി പ്രശ്നത്തിലാകുന്നതെന്നും ആർ.ബി.ഐ യുടെ റൂളിംഗ് പ്രകാരം നിക്ഷേപകർക്ക് 25 ശതമാനം തിരികെ കൊടുക്കണമെന്ന അവസാന തീരുമാനത്തിന്മേൽ കഴിഞ്ഞ വർഷം 30 ലക്ഷം രൂപ കിട്ടുകയും ബാക്കി 89 ലക്ഷം കിട്ടാനുള്ളതായും വകയിരുത്തി. ഈ കാലയളവിൽ 85 ലക്ഷത്തിൽ പരം രൂപ വരെ പലിശയിനത്തിൽ നമുക്ക് ലഭിച്ചിട്ടുണ്ടെന്നും അങ്ങനെ വരുമ്പോൾ 6 ലക്ഷം രൂപയാണ് നഷ്ടമായിട്ടുള്ളതെന്ന് പിതാവ് അറിയിച്ചു. സൊസൈറ്റിയുടെ മുന്നോട്ടുള്ള പാതയിൽ ഓഡിറ്ററുടെ നിർദേശപ്രകാരമുള്ള കിട്ടാനുള്ള തുക എഴുതിത്തള്ളാനുള്ള ധാരണയിലേക്ക് എത്തിയെന്നും പിതാവ് അറിയിച്ചു.

തുടർന്ന് റൈറ്റ് ഓഫ് ചെയ്യുന്നതുമായ ചർച്ചയിൽ നഷ്ടം തിരിച്ചുകിട്ടാനുള്ള സാധ്യതകൾ പഠിക്കണമെന്ന നിർദേശം വന്നു. എന്തെങ്കിലും ക്രമക്കേടുകൾ വന്നിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ശരിയായ നഷ്ടം കൃത്യമായി കണ്ടെത്തണമെന്നുള്ള നിർദേശവും വന്നു. ഒരു സബ് കമ്മറ്റിയെ വച്ച് ഇതിനെക്കുറിച്ച് പഠനം നടത്തണമെന്ന് നിർദേശം വന്നു. ചർച്ചയെതുടർന്ന് ഒരു കമ്മിറ്റി പഠനം നടത്തുവാൻ ചുമതലപ്പെടുത്തിക്കൊണ്ട് നഷ്ടപ്പെട്ടതുക എഴുതിത്തള്ളാൻ അനുകൂലിക്കുന്നവർ എത്രപേരുണ്ടെന്ന് പിതാവ് യോഗത്തോട് ചോദിച്ചു. 65 പേർ അനുകൂലിച്ചതിനാൽ ഒരു കമ്മറ്റിയെ നിയോഗിക്കുവാനും എഴുതിത്തള്ളാനും യോഗം തീരുമാനിച്ചു. കമ്മിറ്റിയിലേക്കായി ശ്രീ. ജോസ് മാളിയേക്കലിനെയും ശ്രീ. തോമസ് പോളിനെയും ശ്രീ. ജോസി സേവ്യറിനെയും പൊതുയോഗം ചുമതലപ്പെടുത്തി. അതിനുശേഷം അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് സെക്രട്ടറി അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

തുടർന്ന് മുഖ്യ അജണ്ടയായ തിരഞ്ഞെടുപ്പ് നടപടികൾ തുടങ്ങി. തിരഞ്ഞെ

ടുപ്പിന്റെ വരണാധികാരിയായി ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയെയും ഫാ. ക്ലീറ്റസ് കതിർപറമ്പിലിനെയും യോഗം ചുമതലപ്പെടുത്തി. അവരുടെ മേൽനോട്ടത്തിൽ മാനേജിംഗ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ്, നിയമാവലിയനുസരിച്ച് നടന്നു. ഇൻസ്റ്റിറ്റ്യൂഷൻ ലൈഫ് മെംബർഷിപ്പ് വിഭാഗത്തിൽ നിന്നും സി. ലിസി ദേവസി സി.റ്റി.സി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് പാരിഷ് വിഭാഗത്തിൽ നിന്നും കത്തുമായി വന്ന എസ്.ബിനു ശാന്തിപുരം, കെ.വി.ജോസഫ് സെന്റ്.മൈക്കിൾസ് ചർച്ച് ചെമ്പുമുക്ക് എന്നിവരെയും മൂന്നാമതായി ലൈഫ് /സ്പെഷ്യൽ മെംബർഷിപ്പ് വിഭാഗത്തിൽ നിന്നും ഒരാൾ മാത്രമാണ് തെരഞ്ഞെടുപ്പിനായി സന്നദ്ധത അറിയിച്ചത്. ആയതിനാൽ സന്നദ്ധത അറിയിച്ച ഡോ.റെക്സ് തോമസിനെ തിരഞ്ഞെടുത്തു. തുടർന്ന് ജനറൽ കാറ്റഗറിയിൽ 30 പേരെ യോഗം നിർദേശിക്കുകയും അവർ സന്നദ്ധത അറിയിക്കുകയും ചെയ്തു. അതിൽ മത്സരത്തിന് സന്നദ്ധത അറിയിച്ച ആറ് സ്ത്രീകളെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു. തുടർന്നുള്ള പതിനാറ് പേരെ തിരഞ്ഞെടുക്കാൻ 24 പേരുടെ വോട്ടിംഗ് ലിസ്റ്റ് തയ്യാറാക്കി. ഈ വോട്ടിംഗ് ലിസ്റ്റ് തയ്യാറാക്കുന്ന സമയം അജണ്ടപ്രകാരമുള്ള മീറ്റിംഗ് തുടർന്നു. ബൈബിൾ സൊസൈറ്റി അംഗവും മുൻ മാനേജിംഗ് കൗൺസിൽ അംഗവുമായ ശ്രീ. സിജോ പൈനാടത്തിന് REACH-US AID NATIONAL MEDIA FELLOWSHIP 2022ലെ മാധ്യമരംഗത്തെ അവാർഡ് കരസ്ഥമാക്കി. അദ്ദേഹത്തെ ചെയർമാൻ പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് 2019-2022 മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് ഷീൽഡ് നൽകി ആദരിച്ചു. നോമിനേഷൻ നൽകിയ എല്ലാ അംഗങ്ങളും സ്വയം പരിചയപ്പെടുത്തി. പുതിയ മാനേജിംഗ് കൗൺസിൽ ആണ് ഓഡിറ്റർ നിയമനം നടത്തേണ്ടത്. പൊതുയോഗത്തിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ഓഡിറ്ററുടെ പേരുകൾ നിർദേശിക്കപ്പെട്ടു.

തുടർന്ന് അധ്യക്ഷപ്രസംഗമായിരുന്നു. പല ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന നാം കണക്കുകൊടുക്കാൻ ഉത്തരവാദിത്വപ്പെട്ടവരാകുന്നു എന്ന് പിതാവ് അധ്യക്ഷപ്രസംഗത്തിലൂടെ ഓർമിപ്പിച്ചു. അധ്യക്ഷപ്രസംഗത്തിനുശേഷം വോട്ടിങ്ങ് നടപടിക്രമങ്ങൾ ആരംഭിച്ചു. 73 പേർ വോട്ട് രേഖപ്പെടുത്തി. വോട്ട് എണ്ണുന്ന സമയം മീറ്റിംങ്ങ് അജണ്ട തുടർന്നു. ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ ഏവർക്കും കൃതജ്ഞത അർപ്പിച്ചു.

നന്ദി പ്രകാശനത്തിനുശേഷം ട്രഷറർ സി. ആഗ്നസ് ജോർജ് കേക്ക് മുറിച്ചു കൊണ്ട് ജന്മദിനമാഘോഷിച്ചു. മനോഹരമായി ശുശ്രൂഷ പൂർത്തിയാക്കിയ സി. ആഗ്നസിന് അഭിവന്ദ്യ പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് തിരെഞ്ഞെടുക്കപ്പെട്ടവരുടെ പേര് ഫാ. സ്റ്റീഫൻ തോമസ് പ്രഖ്യാപിച്ചു.

2022-2025ലേക്കുള്ള എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

***എക്സിക്യൂട്ടീവ് കൗൺസിൽ***

1. റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ (ചെയർമാൻ)
2. ശ്രീ. ആന്റണി പാലിമറ്റം (വൈസ് ചെയർമാൻ)
3. റവ. ഡോ. ജോജു കോക്കാട്ട് (സെക്രട്ടറി)
4. ജോസഫ് പന്തപ്ലാക്കൽ (ജോയിന്റ് സെക്രട്ടറി)
5. റവ. സി. ഇസബെല്ല ഐഡ CTC (ട്രഷറർ)
6. റവ. ഫാ. ജേക്കബ് ജി. പാലക്കാപിള്ളി
7. റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
8. റവ. സി. ആർദ്ര SIC
9. റവ. സി. ലിസ്സി ദേവസി CTC
10. ശ്രീമതി കവിത ജിസ്മോൻ

11. ശ്രീ. കെ. യു ജോസഫ്
12. ശ്രീ. പി. കെ ജോസഫ്
13. ശ്രീ. ആൻസൻ ജോൺ
14. ശ്രീ. പി.ആർ ആന്റണി

***മാനേജിംഗ് കൗൺസിൽ***

1. റവ. ഫാ. ടോണി ജേക്കബ്
2. ശ്രീ. ബിനു എസ്.
3. ശ്രീ. ജോസഫ് കെ.വി.
4. ഡോ. റെക്സ് തോമസ്
5. ശ്രീ. ഫ്രാൻസിസ് ജോർജ്
6. ശ്രീ. മെൽകം ഓസ്റ്റിൻ ഓബി കെ.വി.
7. ശ്രീ. കെ.യു ഫിലിപ്പ്
8. ശ്രീ. മാവർ ജോൺ
9. ശ്രീ. ജോയ് എൻ ലാസർ
10. ശ്രീ. ജോസ് തട്ടിൽ
11. ശ്രീ. റോയ് പടയാറ്റിൽ
12. ശ്രീ. ജോയ് എം.ജെ
13. ശ്രീ. ഫ്രാൻസിസ് സേവ്യർ
14. ശ്രീമതി ആനി ജോസഫ്
15. ശ്രീമതി ടെറസിറ്റ ക്ലീറ്റസ്
16. ശ്രീമതി അന്നമ്മ ജോസഫ്
17. ശ്രീമതി ഡാലി വിൻസെന്റ്
18. ശ്രീമതി സെലിൻ ജോസഫ്

ചെയർമാൻ പിതാവിന്റെ സമാപനാശിർവാദത്തോടെ വാർഷികപൊതുയോഗം 7.30ന് സമാപിച്ചു. 117 അംഗങ്ങൾ വാർഷികപൊതുയോഗത്തിൽ പങ്കെടുത്തു. കെ.സി.ബി.എസ്. പ്രസിദ്ധീകരിച്ച ഹെൻട്രി പട്ടരുമഠത്തിൽ അച്ചന്റെ പുസ്തകം സമ്മാനമായി നല്കി.

## 4. എക്സിക്യുട്ടിവ് കമ്മിറ്റി മീറ്റിംഗ് 26.08.2022

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യുട്ടിവ് യോഗം 26.08.2022ന് ഉച്ചകഴിഞ്ഞ് 3.15ന് പി.ഒ.സി.യിൽ വച്ച് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമതി കവിത ജിസ്മോന്റെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. സെക്രട്ടറി ഫാ. ജോജു കോക്കാട്ട് 2022-25 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതിയിലെ എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു.

തുടർന്ന് അധ്യക്ഷപ്രസംഗമായിരുന്നു. എക്സിക്യുട്ടിവ് മീറ്റിംഗുകളിൽ എല്ലാ അംഗങ്ങളും തീർച്ചയായും പങ്കെടുക്കണമെന്നും മീറ്റിംഗിൽ വച്ചുതന്നെ എല്ലാ സംശയങ്ങളും ചോദിച്ചു മനസിലാക്കുകയും മീറ്റിംഗിന് പുറത്ത് അതൊരിക്കലും ചർച്ചയാക്കപ്പെടരുതെന്നും പുതിയവൈസ്ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ആന്റണി പാലിമറ്റം അധ്യക്ഷപ്രസംഗത്തിലൂടെ എല്ലാ അംഗങ്ങൾക്കും നിർദേശം നല്കി. ജോയിന്റ് സെക്രട്ടറി ജോസഫ് പന്തപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു.

സെക്രട്ടറിയച്ചൻ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യുട്ടിവ് അംഗങ്ങൾക്കായി DHFL നിക്ഷേപത്തെക്കുറിച്ച് ചെറിയൊരു വിശദീകരണം നല്കുകയുണ്ടായി. 2010ൽ മാനേജിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെ FDകൾ ആരംഭിച്ചു. 2019വരെ പലിശയും അതുമായി ബന്ധപ്പെട്ട കണക്കുകളും കൃത്യമായി രേഖപ്പെ

ടുത്തി. 2019ലെ പൊതുയോഗത്തിൽ DHFL പ്രതിസന്ധിയിലാണെന്ന് അംഗങ്ങൾ വിലയിരുത്തുകയും യോഗാംഗങ്ങളുടെ നിർദേശപ്രകാരം നിക്ഷേപം പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പിൻവലിക്കാൻ സാധിച്ചത് 2020 മാർച്ച് വരെയുള്ള കാലാവധി പൂർത്തിയാക്കിയ നിക്ഷേപങ്ങൾ മാത്രമായിരുന്നു. 2കോടിയിൽപരം നിക്ഷേപമുണ്ടായിരുന്നതിൽ ഒരു കോടി പത്തൊമ്പത് ലക്ഷംകാലാവധി പൂർത്തിയാക്കാത്തതിനാൽ പിൻവലിക്കാൻ പറ്റാത്ത അവസ്ഥ വരുകയും പിന്നീട് കൊറോണ കാരണം കൂടുതൽ പ്രതിസന്ധികൾ ഉണ്ടാകുകയും ചെയ്തു. DHFLൽ നിർദേശിച്ച വ്യക്തികളുമായി (ശ്രീമതി ചാരുദേശായിയുമായി) നിയമനടപടികളിലേർപ്പെട്ടു. RBIയുടെ ഫൈനൽ റൂളിംഗ് പ്രകാരം നിക്ഷേപകർക്ക് 25% നൽകാൻ തീരുമാനമുണ്ടായി. കിട്ടാനുള്ള തുകയുടെ (1,19,32,208) 25% ആയ 30ലക്ഷം രൂപ 2021ൽ ലഭിച്ചു. 89 ലക്ഷം രൂപ നഷ്ടമായി. മൊത്തം മൂലധനത്തിന്റെ പലിശകുറച്ചിട്ടുള്ള തുകയിൽ 5 ലക്ഷമാണ് നഷ്ടം. എന്നാൽ ഈ കാലയളവിലെ പലിശ നമുക്ക് നഷ്ടം തന്നെയാണെന്ന് സെക്രട്ടറിയച്ചൻ പറയുകയുണ്ടായി. 2022വരെ മെമ്പർഷിപ്പിൽനിന്ന് ലഭിച്ചിട്ടുള്ള തുക 1,58,00,000 ആണ്. ബൈബിൾ സൊസൈറ്റിയുടെ നിക്ഷേപങ്ങൾ ചേർത്ത് മൊത്തം ആസ്തി 2 കോടി 90ലക്ഷം ആണ്. കോർപസ് ഫണ്ടിൽനിന്നും നഷ്ടം സംഭവിച്ചിട്ടില്ല എന്നുള്ളത് ആശ്വാസകരമാണ്. DHFLമൂലമുണ്ടായ നഷ്ടം പഠിക്കുവാനായി വാർഷിക പൊതുയോഗം നിർദേശിച്ച ടീം അംഗങ്ങളെ ചുമതലപ്പെടുത്തി. അതോടൊപ്പം നഷ്ടസംഖ്യ write off ചെയ്യാൻ ഭൂരിപക്ഷ അഭിപ്രായം കണക്കിലെടുത്ത് തീരുമാനിക്കുകയും ചെയ്തു എന്ന് സെക്രട്ടറിയച്ചൻ പുതിയകമ്മിറ്റിയംഗങ്ങളെ അറിയിച്ചു. 2019ലെ പൊതുയോഗത്തിൽ DHFL പ്രതിസന്ധിയിലാണെന്ന അഭിപ്രായം ഉന്നയിച്ചശേഷം നിക്ഷേപങ്ങളൊന്നും പുതുക്കിയിട്ടില്ല എന്ന് വൈസ്ചെയർമാൻ അഭിപ്രായപ്പെട്ടു. ശേഷം റിപ്പോർട്ട് പാസാക്കി. പഴയ എക്സിക്യൂട്ടിവ് അംഗങ്ങളും പുതിയ കമ്മിറ്റിയംഗങ്ങളും ചേർന്ന് വൺ ഡേ ഔട്ടിംഗ് വയ്ക്കാമെന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. തുടർന്ന് അജണ്ട പ്രകാരം പുതിയ ട്രഷററുടെ നിയമനം ആയിരുന്നു. മാനേജിംഗ് കൗൺസിലിൽ ഒരു വ്യക്തി സി. ഐഡയുടെ പേര് നിർദേശിക്കുകയും പിൻതാങ്ങുകയും ചെയ്യണമെന്ന് സെക്രട്ടറിയച്ചൻ അംഗങ്ങളോട് സൂചിപ്പിച്ചു. ആറ് വർഷക്കാലത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കിയ ട്രഷറർ സി. ആഗ്നസ് ജോർജിന് മാനേജിംഗ് കൗൺസിലിൽ യാത്രയയപ്പ് നല്കാം എന്ന നിർദേശം എക്സിക്യൂട്ടിവ് മീറ്റിംഗിൽ വരുകയും അംഗങ്ങൾ കയ്യടിച്ച് പാസാക്കുകയും ചെയ്തു.

ലോഗോസ് ക്വിസിന് 4,40,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളം, തൃശൂർ, പാലാ എന്നീ രൂപതകൾ ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹത നേടിയിട്ടുണ്ടെന്നും സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു.

ഭിന്നശേഷിക്കാർക്കായുള്ള ക്വിസ്സും ഫാമിലി ക്വിസ്സും ഇത്തവണ സംഘടിപ്പിക്കുന്നുണ്ട്. തമിഴ് വിഭാഗത്തിൽ നല്ല മാർക്ക് വാങ്ങുന്നവരെ പി.ഒ.സി.യിൽ കൊണ്ടുവന്ന് സമ്മാനം നല്കാൻ നിർദേശം വന്നു. സെമിഫൈനൽ നവംബർ 6-ാംതിയതി കോഴിക്കോട്, കൊല്ലം, എറണാകുളം മേഖലകളിൽ നടക്കും. അതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. നവംബർ 19,20 തിയതികളിലെ ഫൈനൽ പരീക്ഷ ഗുഡ്നെസ് ചാനലിൽ സംപ്രേഷണം ചെയ്യുമെന്നും അറിയിച്ചു.

ഓഡിറ്ററെ തീരുമാനിക്കുന്നതിന് ഒരു പാനൽ വർഷികപൊതുയോഗത്തിൽ നിർദേശിക്കപ്പെട്ടിരുന്നു. ചെയർമാനെയും സെക്രട്ടറിയെയും, വൈസ്ചെയർമാനെയും ആ പാനലിനെക്കുറിച്ച് പഠിച്ച് അടുത്ത എക്സിക്യൂട്ടിവ് മീറ്റിംഗിൽ റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനമായി. നിയമാവലി പ്രകാരം മൂന്ന് തവണ തുടർച്ചയായി മീറ്റിംഗിൽ പങ്കെടുക്കാതിരിക്കുന്നവരെ കമ്മിറ്റിയിൽനിന്ന് പുറത്താക്കണമെന്ന് ജോയിന്റ് സെക്രട്ടറി ജോസഫ് പന്തപ്ലാക്കൽ അഭിപ്രായപ്പെട്ടു. ബൈബിൾ കലണ്ടർ പിതാവിന്റെ അഭിപ്രായം ആരാഞ്ഞശേഷം തീരുമാനിക്കാമെന്ന് യോഗം തീരുമാനിച്ചു. പത്ത് അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ സി. ആഗ്നസ് ജോർജ് ഏവർക്കും നന്ദി പറഞ്ഞു. ട്രഷറർ സി. ആഗ്നസ് ജോർജ് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. മീറ്റിംഗിൽ 10 അംഗങ്ങൾ

പങ്കെടുത്തു. 4.15ന് യോഗം സമാപിച്ചു.

## 5. മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 26.8.2022

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 26.08.2022ന് ഉച്ചകഴിഞ്ഞ് പി.ഒ.സി.യിൽ വച്ച് ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. സി. ലിസ്സി ദേവസി സി.റ്റി.സി.യുടെ പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം അഭിവന്ദ്യ പിതാവിനും എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. പുതിയ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും മുടങ്ങാതെ എല്ലാ മീറ്റിംഗുകളിലും സന്നിഹിതരാവണമെന്ന് വൈസ്ചെയർമാൻ പറഞ്ഞു. എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ സംശയനിവാരണങ്ങളൊക്കെനടത്തുകയും വാർഷികപൊതുയോഗങ്ങളിൽ അത്തരം കാര്യങ്ങൾ എടുത്തിടരുത് എന്നും വൈസ്ചെയർമാൻ കൂട്ടിച്ചേർത്തു. തുടർന്ന് ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിൽ പ്രവർത്തനറിപ്പോർട്ടും, കഴിഞ്ഞമീറ്റിംഗിൽ പങ്കെടുത്തവരുടെ എണ്ണവും കൂടി ഉൾപ്പെടുത്തണമെന്ന് അഭിപ്രായമുണ്ടായി. 2022-25 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയിലെ അംഗങ്ങൾ പരിചയപ്പെടുത്തി.

ദൈവവചനത്തിൽ പടുത്തുയർത്തുന്ന ജീവിതമാണ് നമ്മുടെ മുഖമുദ്ര എന്ന് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. അജണ്ട പ്രകാരം പുതിയ ട്രഷററുടെ നിയമനം ആയിരുന്നു തുടർന്ന്. മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. മെൽക്കം ഓസ്റ്റിൻ, സി. ഐഡയുടെ പേര് നിർദേശിക്കുകയും ശ്രീ. ജോസഫ് പിൻതാങ്ങുകയും ചെയ്തുകൊണ്ട് സി. ഇസബല്ല ഐഡയെ ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടു. എക്സിക്യൂട്ടിവ് മീറ്റിംഗിൽവന്ന നിർദേശമനുസരിച്ച് മാനേജിംഗ് കൗൺസിലിൽ സി. ആഗ്നസ് ജോർജിന് യാത്രയയപ്പ് നല്കാമെന്ന് യോഗം തീരുമാനിച്ചു.

ലോഗോസ് ക്വിസ്സിന് 4,40,000 പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് എറണാകുളം, തൃശൂർ, പാലാ രൂപതകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സെമിഫൈനൽ നവംബർ 6ന് ആയിരിക്കുമെന്നും ഫൈനൽ 19,20 തിയതികളിലായിനടക്കുമെന്നും അതിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. ഫാമിലി ക്വിസ്സും ഭിന്നശേഷിക്കാരുടെ ലോഗോസ് ക്വിസ്സും ഈ വർഷം ഉണ്ടായിരിക്കും. ലോഗോസ് പ്രതിഭയ്ക്കുള്ള വിശുദ്ധനാട് തീർഥാടനം സാധ്യമാകാത്തതിനാൽ ഒരു സ്പോൺസറെ കണ്ടെത്തേണ്ടിയിരിക്കുന്നു എന്ന കാര്യവും അച്ചൻ അറിയിച്ചു. തമിഴ് ഭാഷയിൽ ലോഗോസ് എഴുതി നല്ല മാർക്ക് വാങ്ങുന്നവരെ പി.ഒ.സി. യിൽ കൊണ്ടുവന്ന് സമ്മാനം നൽകാൻ നിർദേശം വച്ചു. ഈ വർഷത്തെ ബൈബിൾ കലണ്ടർ മേശപ്പുറത്ത് വയ്ക്കാവുന്ന രീതിയിൽ മഹത്വചനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചെയ്യുന്നത് നല്ലതായിരിക്കുമെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. കൂടുതൽ എണ്ണം കൊടുക്കാൻ കഴിയുന്നത് ഭിത്തിയിലിടുന്ന കലണ്ടറായിരിക്കുമെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കലും ഡിജിറ്റൽ രൂപത്തിലുള്ളതാണെങ്കിൽ കുറഞ്ഞചിലവിൽ ചെയ്യാനാകുമെന്ന് ശ്രീ. ജോയ് എൻ. ലാസറും അഭിപ്രായപ്പെട്ടു. ഡിജിറ്റൽ രൂപത്തിലാക്കിയാൽ ലഭ്യതയും ഇരട്ടിയാക്കാം എന്ന അഭിപ്രായമുണ്ടായി. അപ്ഡേഷൻ സാധ്യമാകുന്ന രീതിയിൽ ഒരു ആപ്പ് തയ്യാറാക്കാം എന്ന് അഭിപ്രായമുണ്ടായി. ആപ്പ് തയ്യാറാക്കാൻ സമയം ആവശ്യമായി വരുമെന്നതിനാൽ ഡിജിറ്റൽ കലണ്ടർ വേഗത്തിൽ പ്രവർത്തനം ആരംഭിക്കാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. അതോടൊപ്പം ബൈബിൾ ഡയറിയും തയ്യാറാക്കാം എന്ന തീരുമാനമുണ്ടായി.

വാർഷിക പൊയുയോഗത്തിൽ നിർദേശിക്കപ്പെട്ട മൂന്നുപേരടങ്ങുന്ന ഓഡിറ്റർമാരുടെ പാനലിനെക്കുറിച്ച് ചെയർമാനും സെക്രട്ടറിയും വൈസ്ചെയർമാനും പഠി

ക്കുകയും റിപ്പോർട്ട് അടുത്ത എക്സിക്യൂട്ടിവിൽ അവതരിപ്പിച്ച് ഓഡിറ്റർ നിയമനം നടത്താവുന്നതുമാണെന്ന് മാനേജിംഗ് കൗൺസിൽ അറിയിച്ചു. ബൈബിൾ പല ഭാഷ കളിലേക്ക് വിവർത്തനം ചെയ്യണമെന്ന് അഭിപ്രായമുണ്ടായി. ഐ ഫോണിൽ പി.ഒ.സി. ബൈബിൾ ലഭ്യമല്ല എന്ന് ജോഷി മയ്യാറ്റിലച്ചൻ പറയുകയുണ്ടായി. അതിനുള്ള പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണെന്ന് ജോൺസണച്ചൻ പറഞ്ഞു.

ജൂബിലി വർഷത്തിൽ ബൈബിൾ അമ്പാസഡേഴ്സ് 1,00,000 രൂപ വീതം ബൈബിൾ സൊസൈറ്റിക്ക് സംഭാവന നല്കിയിട്ടുണ്ടെന്നും പി.ഒ.സി.യിൽ ഇടയ്ക്ക് അവരെ എത്തിക്കാനുള്ള സാഹചര്യം ഒരുക്കണമെന്നും ജോഷി അച്ചൻ ഓർമിപ്പിച്ചു.

ബൈബിൾ അമ്പാസഡേഴ്സിന് ക്ഷണകത്തുകൾ അയയ്ക്കാറുണ്ടെന്നും ചിലരെങ്കിലും ലോഗോസ് മത്സരവേദികളിലും മറ്റും സന്നിഹിതരാകാറുണ്ടെന്നും ജോൺസണച്ചൻ പറയുകയുണ്ടായി. ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആളുകളിലേക്ക് പരിശീലകരെ നാം നല്കണം എന്ന് റോയ് പടയാറ്റിൽ അഭിപ്രായ പ്പെട്ടു. തുടർന്ന് രണ്ട് ടേമുകളായി 11 വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തി യാക്കിയ സി. ആഗ്നസ് ജോർജിന്റെ യാത്രയയപ്പ് സമ്മേളനമായിരുന്നു. സെക്രട്ടറിയ ച്ചൻ എല്ലാവർക്കും സ്വാഗതമാശംസിച്ചു. അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് ആശംസകൾ നേർന്ന് സംസാരിക്കുകയും ഉപഹാരസമർപ്പണം നടത്തുകയും ചെയ്തു. തുടർന്ന് പി.ഒ.സി. ഡയറക്ടർ, ഫാ. ജേക്കബ് പാലക്കാപിള്ളി മുൻ സെക്രട്ടറി, ഫാ ജോൺസൺ പുതുശ്ശേരി CST മുൻ വൈസ് ചെയർമാൻ ശ്രീ. ജിസ്മോൻ തുടി യൻപ്ലാക്കൽ മുൻ ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് സി. ആഗ്നസ് ജോർജ് മറുപടി പ്രസം ഗം നടത്തി. സെക്രട്ടറി, റവ. ഡോ. ജോജു കോക്കാട്ട് കൃതജ്ഞതയർപ്പിച്ചു. അഭി വന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ ആശിർവാദത്തോടെ യോഗം 7.00മണിക്ക് അവസാനിച്ചു. മീറ്റിംഗിൽ 25 അംഗങ്ങൾ പങ്കെടുത്തു.

### 6. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 18.10.2022

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് യോഗം 2022 ഒക്ടോബർ 18ന് പിഒസിയിൽ വച്ച് ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറ മ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ ഉച്ചകഴിഞ്ഞ് 2.30ന് കൂടുകയുണ്ടായി. ശ്രീമതി കവിത ജിസ്മോന്റെ ഈശ്വരപ്രാർഥനയോടെ യോഗം ആരംഭിച്ചു. ജോയിന്റ് സെക്ര ട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും അംഗങ്ങൾ പാസാക്കുകയും ചെയ്തു. തുടർന്ന് അജണ്ട പ്രകാരമുള്ള ചർച്ചകൾ നടന്നു. ലോഗോസ് സെമിഫൈനലിന്റെ നടത്തി പ്പിനെക്കുറിച്ച് ചർച്ചചെയ്യുകയും ഭംഗിയായി നടത്താൻ തീരുമാനിക്കുകയും ചെയ്തു.

പിന്നീട് പുതിയ ഓഡിറ്റർ നിയമനമായിരുന്നു. വാർഷികപൊതുയോഗത്തിൽ മൂന്നു പേരടങ്ങിയ ഒരു പാനൽ നിർദേശിക്കപ്പെട്ടതിൽനിന്ന് M.J ജോസിനെ യോഗം നിർദേശിച്ചു. ബിബ്ലിക്കൽ സ്പിരിചാലിറ്റി കോഴ്സുകൾ ഫെബ്രുവരിയിൽ നട ത്തുവാൻ തീരുമാനിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ ബൈബിൾ സ്പിരിചാലിറ്റി കോഴ്സിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ചുരുങ്ങിയ വാക്കുകളിൽ സംസാരിക്കുകയുണ്ടായി. മുൻവർഷങ്ങളിലെന്നപോലെ ബൈബിൾ പാരാ യണമാസം സമുചിതമായി ആഘോഷിക്കാൻ തീരുമാനിക്കുകയുണ്ടായി. അതിനായി എക്സിക്യൂട്ടിവ്- മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ സഹകരണം ഉണ്ടാകണ മെന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. ബൈബിൾ ഞായറിന്റെ പോസ്റ്ററും ലെറ്ററും നവംബറിൽ തയ്യാറാക്കാം എന്ന് അച്ചൻ കൂട്ടിച്ചേർത്തു. ബൈബിൾ സൊസൈറ്റി യുടെ ഓഫീസ് പുതുക്കാൻ യോഗത്തിൽ നിർദേശം വന്നു. 15 ലക്ഷത്തിന് താഴെ വിലവരുന്ന സൗകര്യപ്രദമായ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ നടന്നുകൊ ണ്ടിരിക്കുന്നു. വചനപാരായണ തിരുമണിക്കൂറിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം കൃതജ്ഞതയർപ്പിച്ചു. മീറ്റിംഗിൽ 6 അംഗ ങ്ങൾ പങ്കെടുത്തു.

### 7. മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 18.10.2022

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ്കൗൺസിൽ യോഗം 2022 ഒക്ടോബർ 18ന് ചെയർമാൻ പിതാവ് റവ. ഡോ. ജയിംസ് ആനാപറമ്പിലിന്റെ അധ്യക്ഷതയിൽ പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. ശ്രീമതി ടെറസിറ്റ ക്ലീറ്റസിന്റെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ഏവർക്കും സ്വാഗതമാശംസിച്ചു. ജോയിന്റ് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു. രൂപതാതലത്തിൽ നടന്ന ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഇടവകകൾ സന്ദർശിച്ച എക്സിക്യുട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് അജണ്ട പ്രകാരമുള്ള ചർച്ചയായിരുന്നു. ആലുവ, കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുന്ന ലോഗോസ് ക്വിസ് 2022 സെമിഫൈനലിൽ എക്സിക്യുട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് ശ്രീ. വൈസ്ചെയർമാൻ വിശദീകരിക്കുകയുണ്ടായി. നിർദേശങ്ങൾ എല്ലാവർക്കും വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ നൽകാമെന്നും സൂചിപ്പിച്ചു. വാർഷിക പൊതുയോഗത്തിൽ, ജെയിംസ് മേനാച്ചേരി, ഷാജൻ വർഗീസ്, എം. ജെ. ജോസ് എന്നിവരടങ്ങിയ ഒരു പാനൽ ഓഡിറ്റർ നിർദേശിക്കപ്പെട്ടിരുന്നു. കഴിഞ്ഞ മാനേജിംഗ് കൗൺസിലിന്റെ തീരുമാനപ്രകാരം ചെയർമാൻ, വൈസ്ചെയർമാൻ സെക്രട്ടറിയച്ചൻ എന്നിവരെ പാനലിനെക്കുറിച്ച് പഠിക്കാൻ ചുമതലപ്പെടുത്തിയതനുസരിച്ച്, എം. ജെ. ജോസിനെ നിർദേശിക്കുകയും മാനേജിംഗ് കൗൺസിൽ അംഗീകരിക്കുകയും പാസാക്കുകയും ചെയ്തു. ഡിസംബർ മാസത്തിൽ കണക്കുകൾ വിശകലനം ചെയ്യാൻ മാനേജിംഗ് കൗൺസിൽ അനുമതി നൽകി. ബൈബിൾ സ്പിരിചാലിറ്റി കോഴ്സ് ഫെബ്രുവരി അവസാനത്തോടെ നടത്താൻ തീരുമാനിച്ചു. അഭിവന്ദ്യപിതാവ് സ്പിരിചാലിറ്റി കോഴ്സിന്റെ നടത്തിപ്പിനെപ്പറ്റി ചില വിശദീകരണങ്ങൾ നൽകുകയുണ്ടായി. വളരെ പരിമിതമായ ആളുകളെ വച്ചുകൊണ്ടുള്ള ഒരു റെസിഡൻഷ്യൽ കോഴ്സ് ആണ് പിതാവ് ഉദ്ധേശിക്കുന്നത്. കോഴ്സ് ഫീസിൽ സബ്സിഡി നൽകണം എന്നും എന്ന് പിതാവ് കൂട്ടിച്ചേർത്തു.

എല്ലാവർഷവുംപോലെ ഈ വർഷവും ബൈബിൾ പാരായണമാസം സമുചിതമായി ആഘോഷിക്കാൻ എല്ലാ അംഗങ്ങളും അവരായിരിക്കുന്ന ഇടവകകളിൽ സഹകരിക്കണമെന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. ഈ വർഷത്തെ ബൈബിൾ പാരായണമാസം ഉദ്ഘാടനം വരാപ്പുഴ തീർത്ഥാടനകേന്ദ്രമായ വല്ലാർപാടം ബസിലിക്കയിലും സമാപനം കളമശ്ശേരിയിലുള്ള മലങ്കരപള്ളിയിലും നടത്താൻ തീരുമാനിച്ച വിവരം സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ പാരായണമാസത്തോടനുബന്ധിച്ചുള്ളപോസ്റ്ററും ലെറ്ററും നവംബർ പകുതിയോടുകൂടി തയ്യാറാക്കാം എന്ന് അച്ചൻ കൂട്ടിച്ചേർത്തു.

പുതിയ ഭാരവാഹികൾ ചാർജെടുക്കുമ്പോൾ സത്യപ്രസ്താവന നടത്താറുണ്ടായിരുന്നു എന്ന നിർദേശം യോഗത്തിൽ വരികയും അടുത്ത തവണ ചെയ്യാമെന്ന് സെക്രട്ടറിയച്ചൻ പറയുകയും ചെയ്തു. അടുത്തമീറ്റിംഗ് സമയവ്യത്യാസം ഉണ്ടാകണം എന്ന നിർദേശം വന്നു. യോഗാംഗങ്ങൾ ആയിരിക്കുന്ന ഇടവകകൾ മെമ്പർഷിപ് കാമ്പെയിനുള്ള ഇടമായി മാറണം എന്ന് നിർദേശം വന്നു.

തുടർന്ന് അധ്യക്ഷപ്രസംഗത്തിൽ കെ.സി.ബി.സി.യുടെ ബൈബിൾ ആത്മീയ ശുശ്രൂഷയിൽ പങ്കുകാരായ നാം സേവനനിരതരായിരിക്കണമെന്ന് പിതാവ് സൂചിപ്പിച്ചു. ബൈബിൾ ശുശ്രൂഷയെന്നാൽ യേശുവിനെ അനുഭവിക്കലാണെന്ന് പിതാവ് ഓർമിപ്പിച്ചു.

വളരെ തീക്ഷണതയുള്ള ഒരു മാനേജിംഗ് കൗൺസിൽ ആണ് ബൈബിൾ സൊസൈറ്റിയുടേത് എന്ന് ബഹുമാനപ്പെട്ട പി.ഒ.സി ഡയറക്ടർ പറയുകയുണ്ടായി. സാധാരണക്കാർക്ക് മനസിലാകുന്ന രീതിയിൽ ബൈബിൾ വചനങ്ങളെ വ്യാഖ്യാനി

ച്ചുകൊടുക്കാൻ കഴിയുന്ന രീതിയിലേക്ക് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് കഴിയണം എന്ന് പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കാപിള്ളി സന്ദേശത്തിലൂടെ പങ്കുവച്ചു. മറ്റു സഭകൾ ബൈബിൾ പഠനത്തിന് കൊടുക്കുന്ന പ്രാധാന്യം നാം കൊടുക്കുന്നില്ല എന്ന് അച്ചൻ പറയുകയുണ്ടായി. ലോഗോസ് ക്വിസ്സിന് ഇപ്പോൾ പങ്കെടുക്കുന്നതിനേക്കാൾ ഇരട്ടി ആളുകളെ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കണം എന്ന് ഓർമിപ്പിച്ചു. സെക്രട്ടറി ജോജു അച്ചൻ ഏവർക്കും കൃതജ്ഞത അർപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ആശിർവാദത്തോടെ മീറ്റിംഗ് സമാപിച്ചു. 24 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. എല്ലാ അംഗങ്ങളും അഭിവന്ദ്യ പിതാവിൽനിന്ന് പഠനബൈബിൾ ഏറ്റുവാങ്ങി.

## 8. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 10.11.2022

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് യോഗം 2022 നവംബർ 10ന് ഓൺലൈനായി കൂടുകയുണ്ടായി. പ്രാർഥനയോടുകൂടി ആരംഭിച്ച മീറ്റിംഗിൽ, സെക്രട്ടറിയച്ചൻ സ്വാഗതത്തോടുകൂടി അജണ്ട അവതരിപ്പിച്ചു. മേഖലഫൈനൽ ലോഗോസ് മനോഹരമാക്കിയ എല്ലാവർക്കും നന്ദി പറഞ്ഞു. ബിഷപ്പ് ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ പേരിലുള്ള വചനസർഗ പ്രതിഭാ അവാർഡ് പ്രഖ്യാപനത്തിന് മുന്നോടിയായുള്ള എക്സിക്യൂട്ടിവ് മീറ്റിംഗായിരുന്നു. അവാർഡിനു പരിഗണിച്ച വ്യക്തികളെക്കുറിച്ചും പുസ്തകങ്ങളെക്കുറിച്ചും യോഗത്തിൽ സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു. ജോസ് മരിയദാസച്ചന്റെ ചിന്തേര് എന്ന നോവലിനെക്കുറിച്ചുള്ള ജൂറിയുടെ തീരുമാനം എല്ലാവരും അംഗീകരിക്കുകയും അഭിവന്ദ്യ ചെയർമാൻ പിതാവിന്റെ അനുവാദത്തോടെ പുരസ്കാരവിവരം പ്രഖ്യാപിക്കാനും യോഗം തീരുമാനിച്ചു. വൈസ് ചെയർമാൻ ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ജോസഫ് പന്തപ്ലാക്കൽ, കമ്മിറ്റിയംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. 10.15ഓടുകൂടി യോഗം പര്യവസാനിച്ചു.

## 9. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 31.01.2023

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 31.01.2023 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് ബൈബിൾ സൊസൈറ്റിയുടെ ചെയർമാൻ അഭിവന്ദ്യ റവ. ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ കർമ്മസദൻ പാസ്റ്ററൽ സെന്റർ, ആലപ്പുഴയിൽ വച്ചു കൂടുകയുണ്ടായി. യോഗത്തിൽ 9പേർ പങ്കെടുത്തു. റവ. സി. ലിസ്സി സി.ടി.സി. പ്രാർഥനയ്ക്കു നേതൃത്വം നൽകി. ജോയിന്റ് സെക്രട്ടറിയുടെ അഭാവത്തിൽ ട്രഷറർ സി. ഇസബെല്ല ഹെഡ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം റിപ്പോർട്ട് പാസ്സാക്കി. തുടർന്ന് സെക്രട്ടറി, റവ. ഡോ. ജോജു കോക്കാട്ട് ഏവർക്കും ഹൃദ്യമായ സ്വാഗതമാശംസിച്ചു. സ്വാഗതപ്രസംഗത്തിൽ അജണ്ടപ്രകാരമുള്ള കാര്യങ്ങളെക്കുറിച്ച് അച്ചൻ വിശദീകരിച്ചു. അവ താഴെ ചേർക്കുന്നു.

പുതിയവാഹനം വാങ്ങിയതിനെക്കുറിച്ചും, അത് ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിനെക്കൊണ്ട് ആശീർവദിച്ചതിനെക്കുറിച്ചും യോഗത്തെ അറിയിച്ചു. പഴയവാഹനം വിറ്റശേഷം അതിന്റെ നിയമനടപടികൾ പൂർത്തിയാകുംമുൻപ് ഉണ്ടായ ആക്സിഡന്റുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്തു. അതിന്റെ നിയമപരമായവശങ്ങളെക്കുറിച്ച് അറിയുവാൻ നിർദ്ദേശിച്ചു. ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന സ്പിരിചാലിറ്റി കോഴ്സിനെക്കുറിച്ച് ചർച്ചചെയ്തു. മാനേജിംഗ് കൗൺസിലിലെ എല്ലാ അംഗങ്ങളും പങ്കെടുക്കുവാൻ നിർദ്ദേശിച്ചു. അഭിവന്ദ്യപിതാവിന്റെ ഏറ്റംവലിയ ആഗ്രഹമായിരുന്ന ഈ പ്രോഗ്രാം വിജയിപ്പിക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു. ഈ വർഷം നടക്കാനിരിക്കുന്ന ബൈബിൾ കലോത്സവത്തെക്കുറിച്ചും, സ്റ്റേറ്റ് ലെവൽ

കോംപറ്റീഷൻസ് എവിടെവച്ച് നടത്തണമെന്നതിനെക്കുറിച്ചും ചർച്ചചെയ്തു. രണ്ടു വർഷത്തിലൊരിക്കൽ ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കു നൽകാറുള്ള ഗിഫ്റ്റു ബുക്കിനെക്കുറിച്ച് ചർച്ച ചെയ്തു. സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം എന്ന പുസ്തകം പ്രിന്റ് ചെയ്തുനൽകാൻ തീരുമാനിച്ചു.

മാർച്ച്- ഏപ്രിൽ മാസം നടത്താനുദ്ദേശിക്കുന്ന വചനമെഴുത്തു പ്രോഗ്രാമിനെക്കുറിച്ച് അറിയിച്ചു. സൊസൈറ്റി മെമ്പേഴ്സിന്റെ എണ്ണംകൂട്ടുന്നതിന് ക്യാംപ്പെയിൻ നടത്തുന്നതിനെക്കുറിച്ചും അടുത്ത ഡിസംബറിൽ ചെയ്യാമെന്നും അറിയിച്ചു. ഡി.എച്ച്.എഫ്.എൽ-ൽ ഉണ്ടായിട്ടുള്ള നഷ്ടത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി രൂപീകരിച്ച 3 പേരടങ്ങുന്ന കമ്മിറ്റി അതേക്കുറിച്ച് പഠിക്കുന്നതിനായി മൂന്നുദിവസം ചിലവഴിച്ചകാര്യം അച്ചൻ അറിയിച്ചു.

തുടർന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ബൈബിൾ സൊസൈറ്റിക്ക് ബൈബിളിന്10% റിഡക്ഷൻ ഉണ്ടായിരുന്നത് മൊത്തമായും പിൻവലിച്ചതിലുള്ള വിഷമം രേഖപ്പെടുത്തി. അത് തിരികെ ലഭിക്കുവാൻ പരിശ്രമിക്കണമെന്ന് നിർദ്ദേശിച്ചു. യോഗത്തിൽ സംബന്ധിച്ച ഏവർക്കും വൈസ് ചെയർമാൻ നന്ദി പറഞ്ഞു. 2.30ന് യോഗം സമാപിച്ചു.

## 10. മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് 31.01.2023

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 31.01.2023 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് ബൈബിൾ സൊസൈറ്റിയുടെ ചെയർമാൻ അഭിവന്ദ്യ റവ.ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ കർമ്മസദൻ പാസ്റ്റർ സെന്റർ, ആലപ്പുഴയിൽ വച്ചു കൂടുകയുണ്ടായി. യോഗത്തിൽ 26 പേർ പങ്കെടുത്തു. ശ്രീമതി ടെറസിറ്റ ക്ലീറ്റസ് നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. സൊസൈറ്റിയുടെ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം അഭിവന്ദ്യപിതാവിനെയും മറ്റെല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ജോയിന്റ് സെക്രട്ടറിയുടെ അഭാവത്തിൽ ട്രഷറർ സി. ഇസബെല്ല ഐഡ 18.10.2022ൽ നടന്ന മാനേജിംഗ് കൗൺസിൽ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

അതേതുടർന്ന് റിപ്പോർട്ടിൽ പറഞ്ഞകാര്യങ്ങളെക്കുറിച്ച് ചർച്ചനടത്തി, ഡിജിറ്റൽ ഡയറി ഇറക്കുന്നതിനു നേരിട്ട ബുദ്ധിമുട്ടുകളെക്കുറിച്ച് സെക്രട്ടറി അച്ചൻ വിശദീകരിച്ചു. തുടർന്ന് അഭിവന്ദ്യപിതാവിന്റെ അധ്യക്ഷ പ്രസംഗത്തിൽ ഉടനെ നടക്കാനിരിക്കുന്ന സ്പിരിചാലിറ്റി കോഴ്സിനെക്കുറിച്ച് വിശദമായി സംസാരിച്ചു. കേരള സഭാനവീകരണവുമായിബന്ധപ്പെട്ട വിഷയമായ എഫേസോസുകാർക്കെഴുതിയ ലേഖനഭാഗമാണ് സ്പിരിചാലിറ്റി കോഴ്സിനായി തിരഞ്ഞെടുത്തിരിക്കുന്നതെന്ന് സൂചിപ്പിച്ചു. തുടർന്ന് ബൈബിൾ കലോത്സവത്തെക്കുറിച്ച് പിതാവ് സംസാരിച്ചു. വിശുദ്ധഗ്രന്ഥസന്ദേശം കലകളിലൂടെ അവതരിപ്പിക്കലാണ് ബൈബിൾ കലോത്സവത്തിന്റെ ലക്ഷ്യം. മത്സരത്തെക്കാളുപരി സുവിശേഷസന്ദേശം പകരുകയായിരിക്കണം ഇതുകൊണ്ടുദ്ദേശിക്കുന്നത്. മത്സരത്തിലൂടെയല്ല നല്ല സൃഷ്ടിയും ചിത്രങ്ങളും ഉണ്ടായിട്ടുള്ളത്. അതുപോലെ വചനസർഗ്ഗ അവാർഡ് നൽകുന്നതിന് മിനിമം 3 രചനകളെങ്കിലും ഉണ്ടാകണമെന്ന ആശയം പങ്കുവച്ചു. ബൈബിൾ പാരായണ മാസാചരണത്തിന്റെ നടത്തിപ്പിനെക്കുറിച്ച് വിലയിരുത്തുന്നത് ഉചിതമാണ്. ബൈബിൾ ഞായർ കത്തോലിക്കസഭ മുഴുവൻ ആഘോഷിക്കുന്ന രീതിയിലേക്ക് മാറണമെന്നതിനെക്കുറിച്ചുള്ള ആശയം പിതാവ് പങ്കുവച്ചു.

തുടർന്ന് അജണ്ടപ്രകാരം ചർച്ചചെയ്ത കാര്യങ്ങൾ- പുതിയ വാഹനം വാങ്ങിയതിനെക്കുറിച്ചും, അത് ചെയർമാൻ പിതാവിനെക്കൊണ്ട് ആശിർവദിച്ചതിനെക്കുറിച്ചും യോഗത്തെ അറിയിച്ചു. പഴയവാഹനം വിറ്റശേഷം അതിന്റെ നിയമനടപടികൾ പൂർത്തിയാകുംമുൻപ് ഉണ്ടായ ആക്സിഡന്റുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്തു. അതിന്റെ നിയമപരമായ വശങ്ങളെക്കു

റിച്ച് അറിയുവാൻ നിർദ്ദേശിച്ചു. ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന സ്പിരിചാലിറ്റി കോഴ്സിനെക്കുറിച്ച് ചർച്ചചെയ്തു. മാനേജിംഗ് കൗൺസിലിലെ എല്ലാ അംഗങ്ങളും പങ്കെടുക്കുവാൻ നിർദ്ദേശിച്ചു. അഭിവന്ദ്യപിതാവിന്റെ ഏറ്റംവലിയ ആഗ്രഹമായിരുന്ന ഈപ്രോഗ്രാം വിജയിപ്പിക്കുവാൻ എല്ലാവിധ സഹകരണവും നൽകണമെന്ന് നിർദ്ദേശിച്ചു. ഈ വർഷം നടക്കാനിരിക്കുന്ന ബൈബിൾ കലോത്സവത്തെക്കുറിച്ചും, സ്റ്റേറ്റ് ലെവൽ കോംപറ്റീഷൻസ് എവിടെവച്ച് നടത്തണമെന്നതിനെക്കുറിച്ചും ചർച്ചചെയ്തു. രണ്ടു വർഷത്തിലൊരിക്കൽ ബൈബിൾ സൊസൈറ്റിമെമ്പേഴ്സിനു നൽകാറുള്ള പുസ്തകത്തിനെക്കുറിച്ച് ചർച്ച ചെയ്തു. സഭാ നവീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇറക്കിയ - സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം - എന്ന പുസ്തകം ബൈബിൾ സൊസൈറ്റി മെമ്പേഴ്സിന് നൽകാൻ തീരുമാനിച്ചു.

മാർച്ച് - ഏപ്രിൽ മാസം നടത്താനുദ്ദേശിക്കുന്ന വചനമെഴുത്തു പ്രോഗ്രാമിനെക്കുറിച്ച് അറിയിച്ചു. സൊസൈറ്റി അംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് നടത്താനുദ്ദേശിക്കുന്ന ക്യാംപെയിൻ അടുത്ത ഡിസംബറിൽ ചെയ്യാമെന്ന് അറിയിച്ചു. ഡി.എച്ച്.എഫ്.എൽ-ൽ ഉണ്ടായിട്ടുള്ള നഷ്ടത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി രൂപീകരിച്ച 3 പേരടങ്ങുന്ന കമ്മിറ്റി അതേക്കുറിച്ച് പഠിക്കുന്നതിനായി മൂന്നുദിവസം പി.ഒ.സിയിൽ കൂടുകയുണ്ടായി എന്ന് അച്ചൻ അറിയിച്ചു. യോഗത്തിൽ സംബന്ധിച്ച ഏവർക്കും സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട് നന്ദിയർപ്പിച്ചു. യോഗത്തിൽ സംബന്ധിച്ച ഏവർക്കും അഭിവന്ദ്യ പിതാവ് സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം എന്ന പുസ്തകം സമ്മാനമായി നൽകി. 3.30ന് യോഗം സമാപിച്ചു.

## പ്രവർത്തന റിപ്പോർട്ട്

കേരളസഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്താനും വചനപഠനത്തിൽ ആഴപ്പെടാനുമുള്ള ശുശ്രൂഷകളിൽ കേരളകത്തോലിക്കാ ബൈബിൾസൊസൈറ്റി ഏർപ്പെട്ടിരിക്കുന്നു.

എല്ലാ രൂപതകളിലെയും വൃദ്ധസദനങ്ങളിലേയ്ക്കും കിടപ്പുരോഗികൾക്കുമായി 250ഓളം മെഗാവോയ്സ് ഡിവൈസുകൾ നല്കപ്പെട്ടു.

ഈ വർഷത്തെ ലോഗോസ് പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുകയും വചനപാരായണ മാസത്തെ സംബന്ധിച്ച പോസ്റ്ററുകൾ രൂപതകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

2022 ഓഗസ്റ്റ് 13ന് കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗം നടക്കുകയും 115 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. DHFL നഷ്ടത്തെക്കുറിച്ച് പഠനം നടത്തിക്കൊണ്ട് നഷ്ടസംഖ്യ write off ചെയ്യുക എന്ന തീരുമാനത്തോടെ കണക്കുകൾ പാസാക്കി. 2022-25 കാലയളവിലേക്കുള്ള ഭരണസമിതി തിരഞ്ഞെടുക്കപ്പെട്ടു. പൊതുയോഗത്തിൽ വൈസ്ചെയർമാനായി ശ്രീ. ആന്റണി പാലിമറ്റവും ജോയിന്റ് സെക്രട്ടറിയായി ജോസഫ് പന്തപ്ലാക്കലും തിരഞ്ഞെടുക്കപ്പെട്ടു. DHFL നഷ്ടത്തെക്കുറിച്ച് പഠിക്കുന്നതിന് ഒരു സബ്കമ്മിറ്റി രൂപീകരിച്ചു. പുതിയ ഓഡിറ്ററെ നിയമിക്കാൻ പാനൽ തയ്യാറാക്കി. ജനറൽബോഡി മീറ്റിംഗിനെത്തുടർന്ന് സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കി.

സഭാനവീകരണ വർഷങ്ങൾക്കുവേണ്ടിയുള്ള ബൈബിൾ അടിസ്ഥാനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കി. മുൻട്രഷറർ സി. ആഗ്നസ് ജോർജ് പുതിയ പ്രവർത്തനമേഖലയായ ആശിർഭവനിലേക്ക്പോയി. ട്രഷററായി സി. ഇസബെല്ല ഐഡ സെപ്റ്റംബർ 2ന് ചാർജെടുത്തു.

ഡിജിറ്റൽ കലണ്ടർ പൂർത്തിയായി. സൊസൈറ്റിയുടെ വെബ്സൈറ്റ് അപ്ഡേഷൻ നടത്തുകയുണ്ടായി.

ലോഗോസ് 2022 രൂപതാതല പരീക്ഷയുടെ ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും രൂപതകളിൽ എത്തിച്ചു. പരീക്ഷാ സെന്ററുകളിൽ എല്ലാ എക്സിക്യൂട്ടിവ്-മാനേജിംഗ് കൗൺസിൽ അംഗങ്ങളും സന്ദർശിച്ചു. ലോഗോസ് സമ്മാനപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കി. മെഗാഫൈനൽ നവംബർ 19,20 തിയതികളിൽ പി.ഒ.സിയിൽ വച്ച് നടന്നു.

ഭിന്നശേഷിക്കാർക്കുള്ള സ്പെഷ്യൽ ലോഗോസും കുടുംബങ്ങൾക്കായുള്ള ഫാമിലി ലോഗോസും സംഘടിപ്പിക്കപ്പെട്ടു. തലശ്ശേരി രൂപതയിൽനിന്നും ശ്രീമതി. നിമ്മി ഏലിയാസ് സ്പെഷ്യൽ ലോഗോസ് വിഭാഗത്തിൽ ഒന്നാം സ്ഥാനത്തിന് അർഹയായി. ഫാമിലി ലോഗോസ് ക്വിസ്സിൽ ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നും ശ്രീ. ജെയ്മോൻ ആന്റ് ഫാമിലി തിരഞ്ഞെടുക്കപ്പെട്ടു. ആദ്യമായി കേരളത്തിനു പുറത്തുനിന്നും മാണ്ഡ്യരൂപതയിൽനിന്നുള്ള ശ്രീമതി നിമ ലിന്റോ പ്രതിഭാ പട്ടംചൂടി. ഉച്ചകഴിഞ്ഞ് നടന്ന സമ്മേളനത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോർജ് മഠത്തികണ്ടത്തിൽ പിതാവ് വിജയികൾക്കുള്ള സമ്മാന ങ്ങൾ വിതരണം ചെയ്തു. പ്രതിഭയുടെ രൂപതയ്ക്കുള്ള തോമാ മല്പാൻ എവർറോളിംഗ് ട്രോഫി പ്രതിഭയും പ്രതിഭയുടെ രൂപതാംഗങ്ങളും ഏറ്റുവാങ്ങി. കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാപുരസ്കാര ത്തിന് അർഹനായ ഡോ. മരിയദാസ് ഒ.ഐ.സി.ക്കുള്ള ട്രോഫിയും 25000രൂപയും ഈ മീറ്റിം ഗിൽവച്ചു നല്കി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സര വിജയികൾക്കുള്ള സമ്മാനങ്ങളും ഈ വേദിയിൽവച്ചു നല്കപ്പെട്ടു. തമിഴ് വിഭാഗത്തിൽനിന്നും ഏറ്റവുംകൂടു തൽ മാർക്ക് കരസ്ഥമാക്കിയവർക്കുള്ള സമ്മാനങ്ങളും നല്കപ്പെട്ടു.

ഈ വർഷത്തെ വചനപാരായണമാസം ഡിസംബർ മാസത്തിൽ സമുചിതമായി ആചരിച്ചു. ഈ വർഷവും ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ രൂപതകളിൽ ബൈബിൾ പാരായണം സംഘടിപ്പിച്ചു. ബൈബിൾ പാരായണമാസത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതി രൂപതയിലെ വല്ലാർപാടം ബസിലിക്കയിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവഹിച്ചു. സെക്രട്ടറി ഫാ. ജോജു കോക്കാട്ട്, വരാപ്പുഴ അതിരൂപതാ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. വിൻസന്റ് നടുവിലപറമ്പിൽ, വല്ലാർപാടം ബസിലിക്ക റെക്ടർ റവ. ഡോ. ആന്റണി വാലുങ്കൽ, സി. ഇസബെല്ല ഐഡ എന്നിവർ ചട ങ്ങിൽ സംബന്ധിച്ചു. ബൈബിൾ പാരായണമാസത്തിന്റെ സമാപനം സെന്റ്. ജൂഡ് മലങ്കര കാത്തലിക് ചർച്ച്, കളമശ്ശേരിയിൽ നടത്തപ്പെട്ടു. ബൈബിൾ കമ്മീഷൻ ചെയർമാൻ റവ. ഡോ. ജെയിംസ് ആനാപറമ്പിൽ, മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ യൂഹാന്നോൻ തിയോഡോഷ്യസ് ഡോ. ജേക്കബ് പ്രസാദ്, ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, ഫാ. സിബു ഇരിമ്പിനിക്കൽ, ഫാ. മൈക്കിൾ പുളിക്കൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഈ വർഷത്തെ ബൈബിൾ ഞായർ (18 ഡിസംബർ 2022) ഇരിങ്ങാലക്കുട രൂപത യിലെ പൂവത്തുശ്ശേരി, സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ആചരിച്ചു.

ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്തു. വാർഷിക പൊതുയോഗത്തിൽ നിയോ ഗിച്ച മൂന്നംഗങ്ങളുടെ കമ്മിറ്റി പിഒസിയിൽ വന്ന് DHFL നിക്ഷേപത്തിന്റെ നിജസ്ഥിതി മന സിലാക്കുകയും കണക്കുകൾ പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ പഴയനിയമത്തിന്റെ പരിഷ്ക രണം പൂർത്തിയായ ജോബ് മുതൽ മലാക്കി വരെയുള്ള പുസ്കങ്ങളുടെ കോപ്പി ഡിസംബർ മാസത്തിൽ നടന്ന കെസിബിസി സമ്മേളനത്തിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ അഭി വന്ദ്യ ജെയിംസ് ആനാപറമ്പിൽ, കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് കൈമാറി.

സൊസൈറ്റി നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേ ഷൻ 15 വർഷങ്ങൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ, അത് ഡിസ്പോസ് ചെയ്തുകൊണ്ട് പുതിയ വാഹനം വാങ്ങുന്നതിനുള്ള തീരുമാനമാവുകയും അതനുസരിച്ച് പഴയവാഹനം 96000/- രൂപയ്ക്ക് തൊടുപുഴയിൽ വില്പന നടത്തുകയും പുതിയ വാഹനം ഡിസംബർ മാസത്തിൽ വാങ്ങുകയും ചെയ്തു.

കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ സൗത്ത് ഏഷ്യൻ മീറ്റിംഗ് ഫെബ്രുവരി 2മുതൽ 5വരെ കാഠ്മണ്ഡുവിൽവച്ച് നടന്നു. ബൈബിൾ കമ്മീഷന്റെയും, സൊസൈറ്റിയു ടെയും പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ഏപ്രിൽ മാസത്തിലെ കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ ഗ്ലോബൽ മീറ്റിംഗിന്റെ ഡ്രാഫ്റ്റ് ചർച്ചചെയ്തു. ബൈബിൾ കമ്മീഷന്റെയും സൊസൈറ്റിയുടെയും പ്രവർത്തനങ്ങളെ CBF അനുമോദിച്ചു.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ബൈബിൾ സ്പിരിചാലിറ്റി കോഴ്സ് 2023 ഫെബ്രുവരി 23 മുതൽ 26 വരെ പിഒസിയിൽ സംഘടിപ്പിക്കപ്പെട്ടു. നാല്പത്തഞ്ച് വ്യക്തി കൾ പങ്കെടുത്ത ഈ കോഴ്സിൽ ബൈബിൾ സൊസൈറ്റിയുടെ 16 എക്സിക്യൂട്ടിവ് മാനേ

ജിംഗ് കൗൺസിൽ അംഗങ്ങൾ തികച്ചും സൗജന്യമായും ബാക്കി അംഗങ്ങളിൽനിന്നും 1000 രൂപവീതവും ഫീസീടാക്കി. നാലു ദിവസം നീണ്ടുനിന്ന പ്രോഗ്രാമിൽ എഫേസോസ് ലേഖനം പഠനവിഷയമായെടുത്തു. കോഴ്സിൽ സംബന്ധിച്ച എല്ലാവർക്കും അഭിവന്ദ്യ പിതാവ് ജെയിംസ് ആനാപറമ്പിൽ സമാപനദിവസം സർഫിക്കറ്റുകൾ വിതരണം ചെയ്തു.

മാർച്ച് 1 -ാംതിയതി നടന്ന ബൈബിൾ ക്ലാസ് സമാപന ചടങ്ങിൽ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോജു കോക്കാട്ട് ക്ലാസ്സെടുക്കുകയും തുടർന്നുള്ള മീറ്റിംഗിൽ പിഒസി ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി അധ്യക്ഷത വഹിക്കുകയും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യുകയും ചെയ്തു.

2023ലെ ലോഗോസ് ക്വിസ്സിന്റെയും കലോത്സവത്തിന്റെയും തീരുമാനങ്ങളും നിർദേശങ്ങളും നല്കേണ്ടതിനായി കൊല്ലം, കോഴിക്കോട്, എറണാകുളം എന്നീ മൂന്ന് മേഖലകളിലായി മീറ്റിംഗുകൾ സംഘടിപ്പിക്കപ്പെട്ടു.

ഒക്ടോബർ മാസം ചേർന്ന എക്സിക്യൂട്ടിവ്- മാനേജിംഗ് കൗൺസിലിൽ ശ്രീ. M.J ജോസിനെ പുതിയ ഓഡിറ്ററായി നിർദേശിക്കുകയും മാർച്ച് മാസത്തിൽ അപ്പോയിന്റ്മെന്റ് ലെറ്റർ നല്കുകയും ചെയ്തു. ഇന്റേണൽ ഓഡിറ്റേഴ്സായി ശ്രീ. തോമസ് പോളിനെയും ശ്രീ. ഫ്രാൻസിസ് ജോർജിനെയും മാർച്ച് 31ന് ചേർന്ന ഓൺലൈൻ മീറ്റിംഗിൽവച്ച് തീരുമാനിച്ചു.

2022-2023 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 9662 ബൈബിളുകൾ നല്കുകയും ഇതിനായി 3,38,170 രൂപ സൊസൈറ്റി ചിലവഴിക്കുകയും ചെയ്തു. 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം'- സഭാ നവീകരണത്തിന്റെ ബൈബിൾ അടിസ്ഥാനങ്ങൾ എന്ന ഗ്രന്ഥവും 'വെളിപാടുസാഹിത്യവും ബൈബിളിലെ വെളിപാടുകൃതികളും' എന്ന ഗ്രന്ഥവും 2022-ൽ ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ചു.

---

## 1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:

| | | | |
|---|---|---|---|
| I | എറണാകുളം അതിരൂപത | - 50625 | - 3,000 രൂപ, മെമന്റോ |
| II | തൃശൂർ അതിരൂപത | - 39586 | - 2,000 രൂപ, മെമന്റോ |
| III | പാലാ രൂപത | - 31307 | - 1,000 രൂപ, മെമന്റോ |

## 2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:

| | | | |
|---|---|---|---|
| I | താമരശ്ശേരി രൂപത | - 15.4 % | - 3,000 രൂപ, മെമന്റോ |
| II | പാലക്കാട് രൂപത | - 14. % | - 2,000 രൂപ, മെമന്റോ |
| III | നെയ്യാറ്റിൻകര രൂപത | - 13 % | - 1,000 രൂപ, മെമന്റോ |

## 3. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ:

I Major Archiepiscopal Marth Archdeacon Pilgrim Church, Kuravilangad - 2085- 3000 രൂപ, മെമന്റോ

II St. Rapheals Church, Ezhupunna -1526- 2,000 രൂപ, മെമന്റോ

III St. George Basilica, Angamaly -1304- 1,000 രൂപ, മെമന്റോ

**2024-ലെ ലോഗോസ് പഠനഭാഗങ്ങൾ**

ന്യായാധിപന്മാർ 1-10; പ്രഭാഷകൻ 34-40; ലൂക്കാ 9-16;
2 കോറിന്തോസ് 7-13

## 22 -ാം അഖില കേരള ലോഗോസ് ക്വിസ്
## 4-ാം സ്ഥാനം നേടി മെഡലിനും
## 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

### A Group

| | |
|---|---|
| 1. അനിറ്റ പ്രേംജിത്ത് | - നെയ്യാറ്റിൻകര രൂപത |
| 2. നോറ മരിയ ജോബി | - പാലാ രൂപത |
| 3. കാതറിൻ V. S | - നെയ്യാറ്റിൻകര രൂപത |
| 4. ആഷേർ ജോൺ | - വിജയപുരം രൂപത |
| 5. ആരോൺ സിജോ | - ഇടുക്കി രൂപത |
| 6. അഗസ്റ്റിൻ കെ. ഓസ്റ്റിൻ | - ഇരിങ്ങാലക്കുട രൂപത |
| 7. സേറ അന്ന സ്റ്റാലിൻ | - എറണാകുളം - അങ്കമാലി അതിരൂപത |

### B Group

| | |
|---|---|
| 1. ലിസ് മരിയ തോമസ് | - പാലാ രൂപത |
| 2. എയ്ഞ്ചൽ മരിയ ബെന്നി | - ഇരിങ്ങാലക്കുട രൂപത |
| 3. ആൻ നിത ബാബു | - തിരുവനന്തപുരം (ലത്തീൻ) അതിരൂപത |
| 4. ലിയ ട്രീസ സുനിൽ | - താമരശ്ശേരി രൂപത |
| 5. സിൻഡ്രെല്ല ഷിനോയ് | - ഇരിങ്ങാലക്കുട രൂപത |
| 6. അന്ന അനെറ്റ് ഷാജി | - എറണാകുളം - അങ്കമാലി അതിരൂപത |
| 7. ക്രിസ്റ്റി മരിയ | - ആലപ്പുഴ രൂപത |

### C Group

| | |
|---|---|
| 1. അതുല്യ സെബാസ്റ്റ്യൻ | - താമരശ്ശേരി രൂപത |
| 2. ഡോണ മൈക്കിൾ | - പാലാ രൂപത |
| 3. അനു ജീവൻലാൽ | - എറണാകുളം - അങ്കമാലി അതിരൂപത |
| 4. ട്രീസ കുളത്തിങ്കൽ | - തലശ്ശേരി അതിരൂപത |
| 5. ക്രിസ്റ്റി വിൻസെന്റ് | - കോട്ടപ്പുറം രൂപത |
| 6. ഷിൻസ് സെബാസ്റ്റ്യൻ | - താമരശ്ശേരി രൂപത |
| 7. ക്രിസ്റ്റീന ടൈറ്റസ് | - ആലപ്പുഴ രൂപത |

### D Group

| | |
|---|---|
| 1. റാണി ആന്റണി | - ആലപ്പുഴ രൂപത |
| 2. ജെം മാത്യു | - മാണ്ഡ്യ രൂപത |
| 3. ജോസഫ് ചാക്കോ | - കാഞ്ഞിരപ്പിള്ള രൂപത |
| 4. സി. ജാൻസി ജോസ് | - എറണാകുളം - അങ്കമാലി അതിരൂപത |
| 5. ആശ C.M | - രാമനാഥപുരം രൂപത |
| 6. ഷൈനി തോമസ് | - എറണാകുളം - അങ്കമാലി അതിരൂപത |
| 7. ജെർലിൻ മേരി .M | - തിരുവനന്തപുരം (ലത്തീൻ) അതിരൂപത |

## E Group

1. ലിസ്സി ജോസ് - എറണാകുളം - അങ്കമാലി അതിരൂപത
2. മോളി മാത്യു - വിജയപുരം രൂപത
3. റോസിലി രാജു - തലശ്ശേരി അതിരൂപത
4. ലില്ലി ജോസ് - ഇരിങ്ങാലക്കുട രൂപത
5. സെലിൻ മാത്യു - മാണ്ഡ്യ രൂപത
6. ജെസ്സി ജോസ് - ചങ്ങനാശ്ശേരി അതിരൂപത
7. മേരി മേഴ്സി കൊറെയാ - വരാപ്പുഴ അതിരൂപത

## F Group

1. മേരി തോമസ് - ഇരിങ്ങാലക്കുട രൂപത
2. മാത്യു തൈക്കുന്നുംപുറത്ത് - താമരശ്ശേരി രൂപത
3. ചേച്ചമ്മ ജോജോ - എറണാകുളം - അങ്കമാലി അതിരൂപത
4. ലില്ലിക്കുട്ടി - കോഴിക്കോട് രൂപത
5. അന്ന E.M - തലശ്ശേരി അതിരൂപത
6. റോസമ്മ മടപ്പാട്ട് - താമരശ്ശേരി രൂപത
7. ആനി അഗസ്റ്റിൻ - വരാപ്പുഴ അതിരൂപത

### ബൈബിൾ വിതരണം

2022-2023 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 9662 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 3,38,170 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 84 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

### സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.22 വരെ | 1.4.22 മുതൽ 31.3.23 വരെ | ആകെ* |
|---|---|---|---|---|
| ഓർഡിനറി | | 7200 | 0 | 7200 |
| സ്പെഷ്യൽ | 1000 | 4094 | 42 | 4136 |
| ലൈഫ് | 2000 | 2618 | 1 | 2619 |
| സ്പെഷ്യൽ ലൈഫ് | 10000 | 169 | 0 | 169 |
| സ്പോൺസർ ലൈഫ് | 20000 | 76 | 2 | 78 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 197 | 0 | 197 |
| പാരിഷ് ഓർഡിനറി | 5000 | 219 | 0 | 219 |
| പാരിഷ് ലൈഫ് | 20000 | 50 | 0 | 50 |
| ആകെ | | 14623 | 45 | 14668 |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

## മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം ഡോ. ജോസ് മരിയദാസ് ഒ.ഐ.സി.യ്ക്ക്




ഈ വർഷത്തെ കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ വചന സർഗപ്രതിഭാ പുരസ്കാരം റവ.ഡോ. ജോസ് മരിയദാസ് ഒ.ഐ.സി.യ്ക്ക്. 'ചിന്തേര്' എന്ന നോവലിനാണ് അവാർഡ്. ഡോ. ഷെവലിയാർ പ്രീമുസ് പെരിഞ്ചേരി, പ്രൊഫ. സി. തെരേസ് ആലഞ്ചേരി, ഡോ. ജോൺസൺ പുതുശ്ശേരി എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് നിർണയം നടത്തിയത്. സുവിശേഷ വിവരണങ്ങളുമായി സമരസപ്പെടുത്തി, ജോനാഥൻ എന്ന കഥാപാത്രത്തിലൂടെ ഉദാത്തമായ ജീവിതദർശനങ്ങളിലേക്ക് വായനക്കാരനെ നയിക്കുന്ന ഹൃദയഹാരിയായ നോവലാണ് 'ചിന്തേര്'. തത്വശാസ്ത്രത്തിൽ ഡോക്റ്ററേറ്റ് കരസ്ഥമാക്കിയിട്ടുള്ള തിരുവല്ലയിൽനിന്നുള്ള ഗ്രന്ഥകർത്താവ് ഇംഗ്ലീഷിലും മലയാളത്തിലും പത്തിലധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. മലയാള സാഹിത്യമേഖലക്ക് 2022ലെ ഒരു ക്രിസ്തീയ സംഭാവനയാണ് ചിന്തേര്. എഴുത്തുകാരനും ദാർശനികനുമായ ഡോ. ജോസ് മരിയദാസിന്റെ പതിമൂന്നാമത്തെ പുസ്തകമാണ്, 'ചിന്തേര്'. ബിഷപ്പ് ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ പേരിലുള്ള ഈ പുരസ്കാരം നവംബർ 20ന് ലോഗോസ് ഗ്രാന്റ് ഫിനാലെ അവാർഡ് സെറിമണിയിൽവച്ച് കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോർജ്ജ് മഠത്തികണ്ടത്തിൽ പിതാവിൽനിന്നും 25000 രൂപയും ഷീൽഡും ഏറ്റുവാങ്ങി.

### നന്ദിയോടെ . . .



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ഓഫീസ് സെക്രട്ടറിയായും കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷററായും ദീർഘകാലം സ്തുത്യർഹമായ സേവനം കാഴ്ചവച്ച റവ. സി. ആഗ്നസ് ജോർജിന് 2022 ഒക്ടോബർ 26-ാംതീയതി സ്നേഹോഷ്മളമായ യാത്രയയ്പ്പു നല്കി. സെപ്റ്റംബർ 2ന് പുതിയ പ്രവർത്തന മേഖലയായ വരാപ്പുഴ അതിരൂപത പാസ്റ്ററൽ സെന്ററിൽ ചാർജെടുക്കുകയും ചെയ്തു. സിസ്റ്ററിന് ബൈബിൾ സൊസൈറ്റിയുടെ കൃതജ്ഞതാ നിർഭരമായ കൂപ്പുകൈ!

### സ്വാഗതം



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ഓഫീസ് സെക്രട്ടറിയായും കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷററായും റവ. സി. ഇസബെല്ല ഐഡ 2022 സെപ്റ്റബർ 2ന് ചാർജെടുത്തു. വാടേൽ, സെന്റ് ജോർജ് കാർമൽ പബ്ലിക് സ്കൂളിൽ ഓഫീസ് സ്റ്റാഫായി സേവനം അനുഷ്ഠിക്കുകയായിരുന്നു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷററായി നിയമിതയായ സി. ഇസബെല്ല ഐഡ CTCക്ക് സൊസൈറ്റി അംഗങ്ങളുടെ പ്രാർഥനകളും വിജയാശംസകളും!

# ലോഗോസ് ക്വിസ് 2022-ലെ സംസ്ഥാനതല ജേതാക്കൾ

**A വിഭാഗം**

ഒന്നാം സമ്മാനം



**റെയ്ച്ചൽ മരിയ റെജി**
തിരുവനന്തപുരം ലത്തീൻ അതിരൂപത

രണ്ടാം സമ്മാനം



**മെഷേക് ജോസഫ്**
കൊല്ലം രൂപത

മൂന്നാം സമ്മാനം



**റോജർ ആന്റണി**
ഇരിങ്ങാലക്കുട രൂപത

**B വിഭാഗം**

ഒന്നാം സമ്മാനം



**അലീന ജെയ്മോൻ**
ചങ്ങനാശ്ശേരി അതിരൂപത

രണ്ടാം സമ്മാനം



**ആഷിത ബെന്നി**
കോതമംഗലം രൂപത

മൂന്നാം സമ്മാനം



**റോജോ ജോസ്**
എറണാകുളം അങ്കമാലി അതിരൂപത

**C വിഭാഗം**

ഒന്നാം സമ്മാനം



**അഞ്ചന ടോജി**
പാലാ രൂപത

രണ്ടാം സമ്മാനം



**സി. ജീസ് മരിയ FSC**
താമരശ്ശേരി രൂപത

മൂന്നാം സമ്മാനം



**ഹണി സണ്ണി**
തൃശ്ശൂർ അതിരൂപത

**D വിഭാഗം**

ഒന്നാം സമ്മാനം



***ലോഗോസ് പ്രതിഭ***
**നിമ ലിന്റോ**
മാൻഡ്യാ രൂപത

രണ്ടാം സമ്മാനം



**സിന്ധു പോൾ**
മാൻഡ്യാ രൂപത

മൂന്നാം സമ്മാനം



**ലിഷ വർഗീസ്**
ആലപ്പുഴ രൂപത

**E വിഭാഗം**

ഒന്നാം സമ്മാനം



**ആനി ജോർജ്ജ്**
തൃശ്ശൂർ അതിരൂപത

രണ്ടാം സമ്മാനം



**ബാബു പോൾ**
പാലാ രൂപത

മൂന്നാം സമ്മാനം



**ബീന ഡേവിസ്**
ഇരിങ്ങാലക്കുട രൂപത

**F വിഭാഗം**

ഒന്നാം സമ്മാനം



**ലൈല ജോൺ**
പാലക്കാട് രൂപത

രണ്ടാം സമ്മാനം



**വത്സമ്മ സ്കറിയ**
ചങ്ങനാശ്ശേരി അതിരൂപത

മൂന്നാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

## നിമ ലിന്റോ ലോഗോസ് പ്രതിഭ




നാലു ലക്ഷത്തി എഴുപതിനായിരം പേർ പങ്കെടുത്ത 22-ാമത് സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ബാംഗ്ളൂരിൽനിന്നുള്ള നിമ ലിന്റോ ഒന്നാമതെത്തി ലോഗോസ്പ്രതിഭയായി. കേരളത്തിനു പുറത്തുനിന്നും ആദ്യത്തെ ലോഗോസ് പ്രതിഭാ പട്ടം എന്ന പ്രത്യേകത കൂടി ഇത്തവണത്തെ ലോഗോസിനുണ്ട്. മാൻഡ്യ രൂപതയിൽനിന്നുള്ള വിവര സാങ്കേതിക മേഖലയിലെ ജോലിക്കാരിയാണ് നിമ ലിന്റോ. ലോഗോസ് പ്രതിഭയ്ക്ക് പാലയ്ക്കൽ തോമ്മാ മല്പാൻ 25000 രൂപയുടെ ക്യാഷ് അവാർഡും ശ്രീ. സിജോ വടക്കൻ, ട്രിനിറ്റി ടെക്സാസ്, സ്പോൺസർ ചെയ്ത 25000 രൂപയുമാണ് സമ്മാനം.

## ലോഗോസ് ക്വിസ് ഭിന്നശേഷിക്കാർക്ക്

ദൈവവചനത്തിനായി ദാഹിക്കാത്തവർ ആരുമില്ല. എന്നതിന്റെ മനോഹരമായ കാഴ്ചയായിരുന്നു ബധിരർക്കായുള്ള ലോഗോസ് മത്സരം. പി.ഒ.സി.യിൽ വച്ചു നടന്ന സംസ്ഥാനതല മത്സരത്തിൽ നിരവധി സ്കൂളുകളിൽനിന്നും പങ്കെടുത്ത കുട്ടികളിൽ ആദ്യ റൗണ്ടിൽ ആറുപേർ തിരഞ്ഞെടുക്കപ്പെട്ടു. ഫാ. ബിജു സി.എസ്.സി.യുടെയും സി. അഭയ എഫ്.സി.സി.യുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട സെക്കന്റ് റൗണ്ടിൽ തലശ്ശേരിയിൽനിന്നുള്ള നിമ്മി ഏലിയാസ് ഒന്നാംസ്ഥാനത്തിനും എറണാകുളം അങ്കമാലിയിൽനിന്നുള്ള നവ്യ ജോസഫ് രണ്ടാം സ്ഥാനത്തിനും തൃശ്ശൂർ അതിരൂപതയുടെ ലെവൈറ്റ്സ് ലയോള, എറണാകുളം അതിരൂപതയുടെ ലിൻസി ബെന്നി എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹതനേടി.

## ബൈബിൾ പഴയനിയമപരിഷ്കരണം



## ഇരുപത്തിമൂന്നാം അഖിലകേരള ലോഗോസ് ക്വിസ് - 2023

**പാഠഭാഗങ്ങൾ**

ജോഷ്വ 13-24; പ്രഭാഷകൻ 27-33; ലൂക്കാ 1-8; 2 കോറിന്തോസ് 1-6

**രജിസ്ട്രേഷൻ**

ആരംഭിക്കുന്നത്: 2023 ജൂൺ 1-ന്

അവസാനിക്കുന്നത്: 2023 ജൂലൈ 31ന്

**പരീക്ഷാ സമയം**

രൂപതാതലം: 2023 സെപ്തംബർ 24; 2.00 P.M - 3.30 P.M

സംസ്ഥാനതലം: 2023 നവംബർ 5; ഫൈനൽ: 2023 നവംബർ 18-19

**ഗ്രൂപ്പുകൾ**

A വിഭാഗം - 1.1.2012 നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം - 1.1.2007 നും 31.12.2011 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 1.1.1992 നും 31.12.2006 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 1.1.1972 നും 31.12.1991 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 1.1.1959 നും 31.12.1971 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31.12.1958 നും അതിനുമുമ്പും ജനിച്ചവർ

**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

visit: www.keralabiblesociety.com




ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ പഴയനിയമത്തിന്റെ പരിഷ്കരണം പൂർത്തിയായ ജോബ് മുതൽ മലാക്കിവരെയുള്ള പുസ്തകങ്ങളുടെ കോപ്പി കെസിബിസി മീറ്റിംഗിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരിക്ക് കൈമാറി.

# ബൈബിൾ പാരായണമാസം







2022-ലെ ബൈബിൾ പാരായണമാസം ഡിസംബർ 1-ാംതീയതി ഔപചാരികമായ ഉദ്ഘാടനം വല്ലാർപാടം ബസിലിക്കയിൽ വച്ച് കേരളകത്തോലിക്ക മെത്രാൻ സമിതിയുടെ ബൈബിൾ കമ്മീഷൻ ചെയർമാനും ആലപ്പുഴ രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവഹിച്ചു. ബൈബിൾ പ്രതിഷ്ഠയോടെ ആരംഭിച്ച തിരുക്കർമ്മങ്ങളെ തുടർന്ന് നൂറ് പേർ ചേർന്ന് ഒരു മണിക്കൂറിനുള്ളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം ചെയ്ത് ബൈബിൾ പാരായണ മാസാചരണത്തിന് തുടക്കം കുറിച്ചു. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, വരാപ്പുഴ അതിരൂപതാ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. വിൻസന്റ് നടുവിലപറമ്പിൽ, വല്ലാർപാടം ബസിലിക്ക റെക്ടർ റവ. ഡോ. ആന്റണി വാലുങ്കൽ എന്നിവർ സംബന്ധിച്ചു.

ബൈബിൾ പാരായണമാസത്തിന്റെ ഔപചാരികമായ സമാപനം സെന്റ് ജൂഡ് മലങ്കര കാത്തലിക്ക് ചർച്ച് കളമശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. സമാപന ചടങ്ങിൽ ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ, സെക്രട്ടറി ഫാ. ജോജു കോക്കാട്ട്, ഫാ. സ്റ്റീഫൻ തോമസ്, ഫാ. മൈക്കിൾ പുളിക്കൽ CMI എന്നിവർ സംബന്ധിച്ചു.

## ബൈബിൾ സായാഹ്ന ക്ലാസ് സമാപനം



ബൈബിൾ സായാഹ്ന ക്ലാസ്സുകളുടെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും മാർച്ച് 1-ാം തീയതി വൈകിട്ട് പി.ഒ.സി. ലിറ്റിൽഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്നു. 2022-2023ൽ മുപ്പത്തഞ്ച് ബുധനാഴ്ചകൾ നീണ്ടുനിന്ന കോഴ്സിൽ 78 പേർ രജിസ്റ്റർ ചെയ്തു. സമാപനദിനത്തിലെ ക്ലാസ്സുകൾ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഡോ. ജോജു കോക്കാട്ട് നയിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി അധ്യക്ഷത വഹിച്ചു. ക്ലാസ്സുകളൊന്നും മുടങ്ങാതെ കോഴ്സിൽ സംബന്ധിച്ച 7 പേർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും കോഴ്സ് പൂർത്തിയാക്കിയ എല്ലാവർക്കും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം നടത്തുകയും ചെയ്തു. ശ്രീ. പി.കെ ജോസഫ് എല്ലാവർക്കും നന്ദിയർപ്പിച്ചു സംസാരിച്ചു.


## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2023-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/- രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.


**ബാലസാഹിത്യവും ബൈബിൾ ഗെയിംസുമാണ് ഈ വർഷത്തെ വിഷയം.** (കുട്ടികൾക്കായി ബൈബിൾ ആധാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും) (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2018 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

*2023 ഒക്ടോബർ 1-നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.*

## പുതിയ പ്രസിദ്ധീകരണങ്ങൾ



ഡോ. ജോൺസൺ പുതുശ്ശേരി, ഡോ. ജോജു കോക്കാട്ട് എന്നിവർ രചിച്ച 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം' - സഭാ നവീകരണത്തിന്റെ ബൈബിൾ അടിസ്ഥാനങ്ങൾ എന്ന ഗ്രന്ഥവും ഡോ. ആന്റണി തറേക്കടവിൽ രചിച്ച 'വെളിപാടുസാഹിത്യവും ബൈബിളിലെ വെളിപാടുകൃതികളും' എന്ന ഗ്രന്ഥവും 2022-ൽ ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ചു.



## ബൈബിൾ സ്പിരിച്വാലിറ്റി കോഴ്സ്



ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ അമ്പതോളം വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ബൈബിൾ സ്പിരിച്വാലിറ്റി കോഴ്സ് 2023 ഫെബ്രുവരി 23 മുതൽ 26 വരെ സംഘടിപ്പിക്കപ്പെട്ടു.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2022ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2022-ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ളസമ്മാനങ്ങൾ 2022 നവംബർ 20ന് ലോഗോസ് ക്വിസ് സമ്മാനദാനചടങ്ങിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വിതരണം ചെയ്തു.

| **കവിത** | **പേര്** | **രൂപത** |
|---|---|---|
| 1 | ഫാ. ബിജോയ് ഊരാളിവിള | പാറശ്ശാല |
| 2 | സി. ഷെറിൻ SH | തലശ്ശേരി |
| 3. | ഝാൻസി A.O | തൃശ്ശൂർ |
| **ചെറുകഥ** | | |
| 1 | അഡ്വ. ഫ്രാൻസിസ് A.C | കോഴിക്കോട് |
| 2. | മരിയ ഗൊരേത്തി. E | കണ്ണൂർ |
| 3. | ബ്ര. മാത്യു പൂവത്തിങ്കൽ | വടവാതൂർ സെമിനാരി |
| **ഏകാങ്കം** | | |
| 1. | സാബു തോമസ് | എറണാകുളം |
| 2. | അലക്സ് മുതുകുളം | കൊല്ലം |
| 3. | സി. പിയുഷ FCC | എറണാകുളം |
| **ലേഖനം – അൽമായർ** | | |
| 1. | വിനോച്ചൻ M.A | കോഴിക്കോട് |
| 2. | സിയോണ ജെയിംസ് | പാലാ |
| 3. | K.M ജോസ് | കണ്ണൂർ |
| **ലേഖനം – സന്യാസിനികൾ** | | |
| 1. | സി. ശാലിൻ CHF | ഇരിങ്ങാലക്കുട |
| 2. | സി. സാൻമരിയ CSN | വിജയപുരം |
| 3. | സി.നൈസി CSC | ഇരിങ്ങാലക്കുട |

**ലേഖനം – സെമിനാരി വിദ്യാർത്ഥികൾ**

1. ബ്രദർ. റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ, വടവാതൂർ സെമിനാരി
2. ബ്രദർ. ജിൻസ് മതലിക്കുന്നേൽ, മംഗലപ്പുഴ സെമിനാരി
3. ബ്രദർ. ഷാന്റോ സത്യൻ TOR, മംഗലപ്പുഴ സെമിനാരി

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2023

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാ വിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായ പരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**
അല്മായർ, സെമിനാരി വിദ്യാർഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

**വിഷയം:**

**അല്മായർ: സിനഡാലിറ്റിയും സഭാനവീകരണവും**

**സെമിനാരി വിദ്യാർഥികൾ: സിനഡാത്മകതയും സഭാജീവിതവും**

**സന്ന്യാസിനികൾ: സിനഡാത്മകത ബൈബിളിൽ**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യ പത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD / Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.
ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.
**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2023 ഒക്ടോബർ 1 ആണ്.**

***കൃതികൾ അയയ്ക്കേണ്ട വിലാസം:***
സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി-682028.

● ● ● ● ● ● ● ● ● ● ● ● ● ● ● ● ● ● ● ● ● ●

## സൊസൈറ്റിയിൽ
## എങ്ങനെ അംഗത്വമെടുക്കാം?

ബൈബിൾ പ്രഘോഷണ പ്രചാരണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ആർക്കും സൊസൈറ്റിയിൽ അംഗത്വമെടുക്കാം. മെമ്പർഷിപ്പ് ഫോറം പൂരിപ്പിച്ച് നിങ്ങളുടെ അംഗത്വ ഫീസ് MO./ D.D ആയി സൊസൈറ്റിയിലേക്ക് നേരിട്ട് അയക്കുക. അല്ലെങ്കിൽ, നിങ്ങളുടെ നാട്ടിലെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ നിന്ന് ലഭിക്കുന്ന Mail Transfer Application പൂരിപ്പിച്ച് infavour of **Secretary, Kerala Catholic Bible Society A/C. No. SB 750 South Indian Bank, Vennala Branch, Palarivattom** എന്നെഴുതി നിങ്ങളുടെ തുക ബാങ്കിൽ ഏല്പിക്കുക. ഈ വിവരം അറിയിച്ച് നിങ്ങളുടെ അഡ്രസ്സ് സഹിതം സൊസൈറ്റിയുടെ ഓഫീസിലേക്കും എഴുതുക.

## മെമ്പർഷിപ്പ് ഫീസ്

2002 ജൂൺ 22-ാം തീയതിയിലെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗതീരുമാനമനുസരിച്ച് പുതുക്കിയ മെമ്പർഷിപ്പ് ഫീസ് (ഒരിക്കൽ മാത്രം നല്കിയാൽ മതി).

| **അംഗത്വ രീതി** | |
|---|---|
| സ്പെഷ്യൽ | 1000 |
| ലൈഫ് | 2000 |
| സ്പെഷ്യൽ ലൈഫ് | 10000 |
| സ്പോൺസർ ലൈഫ് | 20000 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 |
| പാരിഷ് ഓർഡിനറി | 5000 |
| പാരിഷ് ലൈഫ് | 20000 |

# സുവിശേഷം പ്രഘോഷിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!

**കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ**
**സജീവ പങ്കാളിയാകാൻ കേരള കാത്തലിക്**
**ബൈബിൾ സൊസൈറ്റിയിൽ അംഗമാകൂ!**

**Kerala Catholic Bible Society**
Pastoral Orientation Centre, P.B. No. 2251,
Palarivattom, Cochin, Kerala, India - 682 025
Tel: 0484 - 2805897
Email : secretary@keralabiblesociety.com

# ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്

**ബൈബിൾ പഠനത്തിൽ ആഴപ്പെടാൻ ഉടൻ ചേരൂ!**

- പ്രായഭേദമെന്യേ ആർക്കും എപ്പോഴും ചേരാം.
- വെറും 1000 രൂപയ്ക്ക് 45 പുസ്തകങ്ങളടങ്ങുന്ന 6 യൂണിറ്റുകൾ തപാലിൽ ലഭിക്കുന്നു.
- അർഹരായവർക്ക് കെ. സി. ബി. സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക :
www.keralabiblesociety.com
കത്തിടപാടുകൾക്ക് :
സെക്രട്ടറി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
പി.ഒ.സി. പി.ബി. നമ്പർ 2251, പാലാരിവട്ടം – 682025